# അദ്ധ്യായം-2

# ചെറുകഥയുടെ ഉത്ഭവവും വളർച്ചയും

## അദ്ധ്യായം-2

## ചെറുകഥയുടെ ഉത്ഭവവും വളർച്ചയും

മനുഷ്യജീവിതത്തിന് മറ്റേതൊരു സാഹിത്യരൂപത്തിനോട് ഉള്ളതിനേക്കാൾ അധികം ബന്ധം കഥയോട് ഉണ്ട്. ആശയ വിനിമയോപാധിയായി ഭാഷ രൂപപ്പെട്ടതുമുതൽ കഥയുടെയും വളർച്ച ആരംഭിച്ചു എന്നു കരുതാവുന്നതാണ്.നിത്യജീവിതവുമായി ബന്ധപ്പെട്ടുണ്ടായ ഏതെങ്കിലും ചെറിയസംഭവങ്ങൾ ഏതെങ്കിലുമൊരനുഭവം, കാഴ്ച്ച ഇതൊക്കെ മറ്റുള്ളവരോട് പങ്കുവയ്ക്കാനായി അൽപ്പം അതിശയോക്തി കലർന്ന രീതിയിൽ അവതരിപ്പിച്ചതിലൂടെ തന്റെ ആ അനുഭവം മറ്റൊരാൾക്ക് കേൾക്കാൻ ഇമ്പമാർന്ന രീതീയിൽ അനുഭവവേദ്യമാക്കുവാൻ ശ്രമിച്ചതിലൂടെ കഥ ജന്മമെടുത്തു എന്നു പറയാം.

"കഥ ജീവിതത്തിന്റെ ചെറിയ ലോകചിത്രമാണ്.അല്ലെങ്കിൽ ചെറിയ അനുഭവലോകമാണ്.ഓരോകാലത്തിന്റെയും പ്രത്യയശാസ്ത്രങ്ങൾ,സൗന്ദര്യബോധം, സാംസ്ക്കാരികനിമിഷങ്ങൾ എന്നിവയെല്ലാം അനുഭവചിത്രങ്ങളായി ആദ്യം രൂപപ്പെടുന്നത് കഥയിലാണ്.അനുഭവലോകം നിർമ്മിക്കുവാനുള്ള എഴുത്തുകാരന്റെ പ്രാഥമികവും അങ്ങേയറ്റം സ്വാഭാവികവുമായ മാർഗ്ഗം ഇപ്പോഴും കഥ തന്നെയാണ്.നോവലിന്റെ വെല്ലുവിളികളെ നേരിട്ട് കഥ ജീവിക്കുകയാണ്-ഭാവിയിലേക്ക് സഞ്ചരിക്കുകയാണ്."[1]

കെ.പി അപ്പന്റെ വാക്കുകൾ പോലെ തന്നെ കഥ ഭാവിയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു,തടസമില്ലാത്ത പ്രവാഹംപോലെ.കഥ പറയുന്നവൻ കാലത്തിന്റെ പ്രതിനിധിയാണ്.ഭൂതകാലം പുന:സൃഷ്ടിക്കുന്നതോടൊപ്പം വർത്തമാനകാലത്തിലൂടെ ഭാവിയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു കഥ.തുടർന്നുള്ള അദ്ധ്യായങ്ങളുടെ പഠനത്തിനായി ചെറുകഥയെക്കുറിച്ച് ഒരു ചെറിയ ആമുഖം ആവശ്യമാണ്.തന്മൂലം കഥാചരിത്രത്തെക്കുറിച്ച് വിശ

ദമായി വിവരിക്കുന്നില്ലെങ്കിലും ചെറുകഥയുടെ ഉൽപ്പത്തിയെക്കുറിച്ച് ഈ അദ്ധ്യായത്തിൽ ചുരുക്കി പ്രതിപാദിക്കുന്നു.

ചെറുകഥയുടെ ഉത്ഭവം കെട്ടുകഥകളിൽ നിന്നായിരിക്കാം.പിന്നീട് പ്രതി ഭാശാലികളായ കഥാകാരന്മാർ സംസ്ക്കാരത്തിന്റെയും ജീവിതത്തിന്റെയും യാഥാർത്ഥ്യങ്ങളെ തങ്ങളുടെ കഥകളിലൂടെ പുനർനിർമ്മിക്കാൻ ശ്രമിച്ചു. ഉല്ലാസവും ഉപദേശവും പകരുകയായിരുന്നു കഥയുടെ ലക്ഷ്യം.പിന്നീട് വേദങ്ങളിലും ഉപനിഷത്തുകളിലും ബൈബിളിലും മറ്റുമായി കഥകൾ വളർന്നു. പഞ്ചതന്ത്രം, കഥാസരിത്സാഗരം തുടങ്ങിയ കൃതികളിലൂടെയും അറബിക്കഥകളിലൂടെയും കഥ അതിന്റെ സഞ്ചാരം തുടർന്നു.

പുതിയ രീതിയിലുള്ള ഗദ്യകഥാസാഹിത്യത്തിൽ(Fiction) ആദ്യമുണ്ടാ യതും പ്രാമുഖ്യം നേടിയതും നോവലാണ്.നോവലിൽ ജീവിതത്തിന്റെ സമ സ്തമേഖലകളേയും ഭാവങ്ങളേയും പ്രതിഫലിപ്പിക്കാൻ സാധിക്കും. നോവ ലിൽ പാത്രസമൃദ്ധിയും സംഭവബാഹുല്യവും സൃഷ്ടിക്കാനാവും.എന്നാൽ ചെറുകഥ അങ്ങനെയല്ല. നോവൽ സംക്ഷേപിച്ചാൽ ചെറുകഥയാവില്ല.എം.പി പോളിന്റെ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ 'നോവൽകർത്താവ് നാനാ വിഭവങ്ങൾ സജ്ജമാക്കി മൃഷ്ടാന്നദാനം ചെയ്തു വായനക്കാരിൽ ജനിപ്പി ക്കുന്ന പരിതുഷ്ടി ചെറുകഥക്കാരൻ ഏകവിഭവം കൊണ്ടു സംജാതമാ ക്കണം.' [2]

1740ൽ പ്രസിദ്ധപ്പെടുത്തിയ റിച്ചാർഡ്സിന്റെ 'പമീല' എന്ന ഇംഗ്ലീഷ് കൃതിയാണ് ആദ്യത്തെ നോവൽ.പിന്നെയും ഏതാണ്ട് നൂറുവർഷക്കാലം വേണ്ടി വന്നു ചെറുകഥ ശ്രദ്ധേയമാകും വിധം വ്യക്തിത്വം നേടാൻ.

ചെറുകഥയുടെ ആവിർഭാവത്തെക്കുറിച്ച് ആലോചിക്കുമ്പോൾ വർത്ത മാനപത്രങ്ങൾ നൽകിയ പിന്തുണ ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വളരെയേറെ സഹായകമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധേയ മാണ്.കടലാസുനിർമ്മാണം തുടങ്ങിയതും അച്ചടി വ്യാപകമായതും പുസ്ത കപ്രസാധനവും, പത്രമാസികാപ്രസിദ്ധീകരണങ്ങളും വ്യാപകമായതും ചെറുകഥയുടെ വളർച്ചയ്ക്ക് വളരെയധികം സഹായകമായി.

അമേരിക്കൻ ഐക്യനാടുകളിലാണ് ഒരു സാഹിത്യരൂപം എന്ന നിലയിൽ ചെറുകഥകൾ ആദ്യമായി അംഗീകാരം നേടിയത്.ചെറുകഥയുടെ പിതാക്കൾ എന്നറിയപ്പെടുന്ന വാഷിങ്ടൺ ഇർവിങ്ങ് (1783-1859),നഥാനിയേൽ ഹാതോൺ (1804-1864), എഡ്ഗാർ അല്ലൻപോ(1809-1849)തുടങ്ങിയവർ കെട്ടുകഥകളേയും ആലേഖ്യങ്ങളെയും ഇടകലർത്തി പരീക്ഷിച്ചത് ചെറുകഥയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിന് കാരണമായി.

## ചെറുകഥയുടെ സവിശേഷതകൾ

ഗദ്യത്തിലുള്ള ദൈർഘ്യം കുറഞ്ഞ ആഖ്യാനാത്മകകൃതിയാണ് ചെറുകഥ.ചെറുകഥയുടെ മൗലീകസ്വഭാവം ഏകാഗ്രതയാണ്.നിരന്തരമായ പരീക്ഷണനിരീക്ഷണങ്ങൾക്കു വിധേയമായിരിക്കുന്നതിനാൽ ചെറുകഥയ്ക്ക് ഒരു കൃത്യമായ നിർവ്വചനം നൽകുക സാധ്യമല്ല.ഒരു സംഭവം,ഒരു കഥാപാത്രം, ഒരു വികാരം,ഒരവസ്ഥവ എന്നതിലായിരിക്കും ഊന്നൽ.ഒരു സവിശേഷമായ വൈകാരികമുഹൂർത്തത്തിലൂടെ കഥാപാത്രത്തിന്റെ ബാഹ്യമോ, ആഭ്യന്തരമോ ആയ ചലനങ്ങളെ ആവിഷ്ക്കരിക്കുകയാണ് ചെറുകഥയുടെ സാമാന്യരീതി. എന്നാൽ "ഒന്നോ രണ്ടോ സംഭവങ്ങളെയോ കഥാപാത്രങ്ങളെയോ കേന്ദ്രമാക്കി നേരേ പറഞ്ഞുപോകുന്ന കഥയല്ല ആധുനികചെറുകഥ. അത് ബോധപൂർവ്വം സംവിധാനം ചെയ്യപ്പെട്ട ആധുനികകാലഘട്ടത്തിനു ചേർന്ന ഒരു കലാരൂപമാണ്."[3] "ഭാവനാത്മകമായ ഉപന്യാസങ്ങളിൽ നിന്നാണ് ആധുനികപാശ്ചാത്യചെറുകഥ ഉദയം കൊണ്ടതെന്നു കരുതുന്നവരുമുണ്ട്." [4]

ചെറുകഥയിൽ ഒട്ടേറെ ആഖ്യാനസമ്പ്രദായങ്ങളുണ്ട്.ഒറ്റ സംഭാഷണം പോലുമില്ലാത്ത കഥയാവാം.സംഭാഷണം മാത്രമായും കഥയുണ്ടാവാം. 'ഞാൻ'കഥാപാത്രമായി കഥപറയുന്ന രീതിയുമുണ്ട്.ഏതു രീതി സ്വീകരിച്ചാലും 'എഴുത്തുകാരന്റെ സൂക്ഷ്മനിരീക്ഷണവും ജീവിതാവബോധവും സൗന്ദര്യതൃഷ്ണയുമാണ് ചെറുകഥയെ ആകർഷകമാക്കിത്തീർക്കുന്നത്'. [5]കഥ പറ

യുക എന്നത് മനുഷ്യന്റെ ജന്മവാസനയാണ്. അങ്ങനെ വാമൊഴിയായി വികസിച്ചു വന്ന കഥാലോകത്തിന്റെ ചരിത്രം കൂടുതൽ വിശദമാക്കുന്നു.

## കഥയുടെ ലോകചരിത്രം

കഥ മനുഷ്യജീവിതവുമായി ഏറെ അടുത്തു നിൽക്കുന്നു. അതുകൊണ്ടു തന്നെ കഥ പറയുന്നതിലും കേൾക്കുന്നതിലുമുള്ള മനുഷ്യരുടെ താൽപര്യം വളരെ വലുതാണ്. കുറച്ചു വാക്കുകളിൽ ഒതുങ്ങുന്ന വളരെ ചെറിയ കഥകളും ദിവസങ്ങളോളം പറഞ്ഞാൽ തീരാത്ത കഥകളുമുണ്ട്. അമ്മൂമ്മക്കഥകൾ മുതൽ (മുത്തശ്ശിക്കഥകൾ)ഇതിഹാസകഥകൾ വരെയുണ്ട്. കഥയുടെ ഘടനയെയും സ്വഭാവത്തെയും മുൻനിർത്തി പല വിഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു.മൃഗകഥ(Fable),യക്ഷിക്കഥ (Fairy tale),അന്യാപദേശ കഥ (Allegory),ദൃഷ്ടാന്തകഥ (Parable),ഐതിഹ്യം(Legend),പുരാവൃത്തം (Myth) തുടങ്ങിയവയാണ് കഥാവിഭാഗങ്ങൾ.

പക്ഷിമൃഗാദികൾ കഥാപാത്രങ്ങളായ കഥകളാണ് മൃഗകഥകൾ.ഉപദേശരൂപത്തിലുള്ള ആശയങ്ങളടങ്ങിയവയാണ് ഇത്തരം കഥകൾ.ഉദാ: ആമയും മുയലും, മുതലയും കുരങ്ങനും.ഇതിലെ കഥാപാത്രങ്ങൾ മനുഷ്യരെപ്പോലെ സംസാരിക്കുകയും പെരുമാറുകയും ചെയ്യും. ജാതകകഥകളിലും, ഈസോപ്പു കഥകളിലും, അറബിക്കഥകളിലും പ്രാചീന യൂറോപ്പ്യൻ നാടോടിക്കഥകളിലും മൃഗകഥകൾ കാണാം.

അലൗകികമായ കഴിവുള്ള കഥാപാത്രങ്ങളാണ് യക്ഷിക്കഥകളിലെ പ്രധാന കഥാപാത്രങ്ങൾ.യക്ഷികളും,മാലാഖമാരും, ദേവതമാരും ഇതിലെ കഥാപാത്രങ്ങളാകാം.നന്മയുടെ വിജയത്തിൽ അവസാനിക്കുന്നവയാണ് യക്ഷിക്കഥകൾ. നന്മയെ വിജയിപ്പിക്കുവാൻ വേണ്ടി നായകകഥാപാത്രത്തോടൊപ്പം നിൽക്കുന്നവയായിരിക്കും അലൗകികമായ കഥാപാത്രങ്ങൾ. ഫെയ്റി ടെയ്ലിന്റെ അന്ത്യം എപ്പോഴും ശുഭകരമായിരിക്കും.

ചരിത്രപരവും രാഷ്ട്രീയവുമായ വിമർശനത്തിനുള്ള ഉപാധിയാണ് അന്യാപദേശകഥകൾ.ഒരുകാര്യം നേരിട്ടുപറയാതെ അതു ധ്വനിപ്പിക്കാൻ മറ്റൊന്നു പറയുന്ന രീതിയാണ് അന്യാപദേശകഥകളുടേത്.

ലളിതവും ഹ്രസ്വവുമായ സാരോപദേശകഥയാണ് ദൃഷ്ടാന്തകഥകൾ. ബൈബിളിലെ സാരോപദേശകഥകൾ ദൃഷ്ടാന്തകഥകൾക്ക് ഉദാഹരണമാണ്. 'നല്ലവനായ ശമരിയക്കാരൻ'[6],'മുടിയനായ പുത്രൻ'[7] എന്നിവ ദൃഷ്ടാന്ത കഥകൾക്ക് ഉദാഹരണങ്ങളാണ്.

വാമൊഴിയായി തലമുറകളിലൂടെ കടന്നുവന്ന കഥകളാണ് ഐതിഹ്യ കഥകൾ.എന്നോ ഒരിക്കൽ സംഭവിച്ചവയാണ് ഐതിഹ്യകഥകൾ എന്നാണ് വിശ്വാസം.നാട്ടുകഥകളുടേയും പ്രാദേശികചരിത്രത്തിന്റേയും ഘടകങ്ങളെ അടിസ്ഥാനമാക്കി രൂപംകൊണ്ടവയാണ് ഐതിഹ്യകഥകൾ.

പ്രകൃതി പ്രതിഭാസങ്ങളുടേയും ചരിത്രസംഭവങ്ങളുടേയും ഉല്പത്തി യെക്കുറിച്ചുള്ള സങ്കല്പകഥകളും , സമൂഹമനസ്സിന്റെ അബോധത്തിൽ ആഴ ത്തിൽ പതിഞ്ഞു കിടക്കുന്ന ചില സ്വപ്നങ്ങളുടെ കഥാത്മകമായ ആവി ഷ്ക്കാരവുമാണ് പുരാവൃത്തങ്ങളുടെ(Myth)ഉത്ഭവത്തിന് കാരണമായി ത്തീർന്നത്.'സംസ്ക്കാരത്തിന്റെയും ഭാഷയുടേയും പുരാതനഘട്ടത്തെ പ്രതി നിധീകരിക്കുന്ന മിത്തുകളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനത പുരാണേതിഹാസങ്ങളിൽ കാണാം.' [8]

ഇങ്ങനെ കഥകളെ പല വിഭാഗങ്ങളാക്കി തരംതിരിച്ചിരിക്കുന്നു. എങ്കിലും എല്ലാ കഥകളും എക്കാലത്തും മനുഷ്യമനസിനെ ആകർഷിക്കുന്ന വയായിരുന്നു. വാമൊഴികളായി വ്യാപിച്ച കഥകൾ പിന്നീട് പാശ്ചാത്ത്യരുടെ കടന്നുവരവോടെ ചെറുകഥ എന്ന സാഹിത്യരൂപമായി മാറുകയായിരുന്നു.

ആദ്യകാലങ്ങളിൽ എഴുതപ്പെട്ടിരുന്ന കഥകൾ പദ്യരൂപത്തിലായിരുന്നു. സ്ഥിരമായ ശൈലികളും താളങ്ങളും വൃത്തങ്ങളും കഥയിൽ ഉപയോഗി ച്ചിരുന്നു.'ബി.സി 2000ത്തിൽ ബാബിലോണിലുണ്ടായ Epic of Gil gamesh, The war of the Gods, The story of Adapa എന്നീ കഥകൾ കളിമണ്ണി

ലുണ്ടാക്കിയ കോണിഫോമുകളിൽ പദ്യത്തിൽ രചിച്ചിരുന്നതായി ചരിത്രത്തിൽ കാണുന്നു'.[9]

ബി.സി 2000ത്തിൽ ഈജിപ്തിലും ബി.സി 2,3,4 നൂറ്റാണ്ടുകളിൽ ഹീബ്രൂവിലും ആഖ്യാനകഥകൾ ഉണ്ടായിട്ടുണ്ട്.അവയിൽ പലതും പഴയ നിയമത്തിൽ കാണാം.

കഥാചരിത്രത്തിൽ ഗ്രീക്കുകാർ വഹിച്ചിരിക്കുന്ന പ്രധാന്യം വളരെ നിർണായകമാണ്. ബി.സി ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈസോപ്പിന്റെ മുത്തശ്ശിക്കഥകൾ സമാഹരിക്കപ്പെട്ടിട്ടുണ്ട്. ഈസോപ്പിന്റെ കഥകൾ അനേകം തലമുറകളിലൂടെ വാമൊഴിയായി പ്രചരിച്ചിരുന്നതാണ്.ബി.സി നാലാം നൂറ്റാണ്ടിൽ ദിമിത്രിയസ് സമാഹരിച്ചതാണ് അറിയപ്പെടുന്ന ഏറ്റവും പഴക്കംചെന്ന ഈസോപ്പു കഥാഗ്രന്ഥം. പക്ഷേ അതു കണ്ടുകിട്ടിയിട്ടില്ല. 'ലത്തീൻ കവികളായ ഫ്രീഡസ്,അവിയനസ് എന്നിവരും ഗ്രീക്കുകവിയായ ബാബ്രിയസും സമാഹരിച്ച ഈസോപ്പുകഥകളാണ് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും പഴക്കമുള്ളത്. അവയെ ആധാരമാക്കിയാണ് പിൽക്കാല പതിപ്പുകൾ തയ്യാറാക്കിയിട്ടുള്ളത്'.[10] ലളിതവും ഋജുവും സ്വതന്ത്രവുമായ ഈസോപ്പുകഥകൾ ബാലപ്രബോധകകഥകൾ എന്ന നിലയിൽ മാത്രമല്ല ശക്തിയായ രാഷ്ട്രീയ സാമൂഹ്യപരിഹാസകഥകൾ എന്ന നിലയിലും ഗ്രീസിൽ പ്രചരിച്ചിരുന്നു.

അമേരിക്കയിലാകട്ടെ ചെറുകഥ രണ്ടു പ്രസ്ഥാന സവിശേഷതകളോടു കൂടിയാണ് വളർന്നുവന്നത്.ഒന്ന് റിയലിസ്റ്റിക് കഥകൾ-എല്ലാം വസ്തുനിഷ്ഠയോടു കൂടി ചിത്രീകരിക്കുക. രണ്ട് ഇംപ്രഷനിസ്റ്റിക് കഥകൾ-ആഖ്യാതാവിന്റെ മാനസികാവസ്ഥയ്ക്കും മനസാക്ഷിക്കും അനുസരിച്ച് ആത്മനിഷ്ഠമായി ആവിഷ്ക്കരിക്കുക.വാഷിങ്ടൺ ഇർവിങ് രണ്ടു തരത്തിൽപ്പെട്ട കഥകളും രചിച്ചിട്ടുണ്ട്. നാടോടികഥകളെ ആധാരമാക്കി അദ്ദേഹം എഴുതിയ ആലേഖ്യങ്ങൾ(Sketches) രൂപത്തിലും സ്വരത്തിലും നിയന്ത്രണം പാലിക്കുന്ന വൈകാരികാനുഭൂതി ഉണർത്തുന്ന ആക്ഷേപഹാസ്യപ്രധാനമായ കഥകളാണ്.

അന്യോപദേശകഥകളുടെയോ സാരോപദേശകഥകളുടെയോ സ്വഭാവമുള്ള നതാനിയൽഹാതോണിന്റെ കഥകൾ ആശയങ്ങളുടെയും ആദർശ

ങ്ങളുടെയും ആന്തരികനാടകം വ്യംഗമായി ഉള്ളടക്കിയിട്ടുണ്ട്.യാന്ത്രികമായ ഈ സ്വഭാവത്താൽ ആ കഥകൾ ലളിതവും അതേ സന്ദർഭത്തിൽ മനുഷ്യ മനസ്സുകളുടെ ദുരൂഹതകളോടുള്ള പ്രത്യേക താത്പര്യത്താൽ സങ്കീർണ്ണ വുമാണ്.

'1842ൽ ഹാത്തോണിന്റെ Twice Told Tales എന്ന കഥാസമാഹാരത്തെ നിരൂപണം ചെയ്തുകൊണ്ട് എഡ്ഗാർ അല്ലൻപോ ചെറുകഥയുടെ സവിശേ ഷതകൾ വിശകലനം ചെയ്യുകയുണ്ടായി.ചെറുകഥയ്ക്ക് ഉണ്ടായിരിക്കേണ്ട ഏറ്റവും വലിയ പ്രത്യേകത ഫലൈക്യം(Unity of effect) ആണ്'[11] എന്ന ദ്ദേഹം വിശദമാക്കുകയുണ്ടായി.ഇതിവൃത്തം,കഥ,ഭാഷാശൈലി, ബിംബങ്ങൾ, വികാരം,വിചാരം എല്ലാം ഒന്നായി കൂടിച്ചേർന്ന് തീവ്രമായ അനുഭൂതി ഉണർ ത്തണം.കഥയുടെ ഘടനാപരമായ ഐക്യത്തിൽ (Organic unity)നിന്ന് വായനക്കാരന്റെ പ്രതികരണം സ്വയം രൂപംകൊള്ളണം.ഭാവാത്മക നിമിഷം (Lyric moment) കണ്ടെത്തുന്നതിലാവണം ശ്രദ്ധ.കവിതയുടെയും ഗദ്യത്തി ന്റെയും നന്മകൾ സംയോജിപ്പിച്ചുകൊണ്ട് സത്യത്തെ യുക്തിഭദ്രമായും സൗന്ദര്യത്തെ താളാത്മകമായും ആവിഷ്കരിക്കണം.ചെറുകഥയുടെ സമഗ്ര മായ ശക്തിയിലും സൗന്ദര്യഭാവങ്ങളിലുമാണ് ഊന്നേണ്ടത്,എങ്കിൽ ഹാസ്യ വിചിത്രശോകപ്രതികരണം ഒരേ കഥയിൽ സൃഷ്ടിക്കുവാനും സാധിക്കും.

റഷ്യൻ ചെറുകഥ ഉദയം കൊണ്ടത് ഗോഗോളിന്റെ (1809-1852) Over coat എന്ന കഥയിൽകൂടിയാണ് എന്ന് കരുതപ്പെടുന്നു. എഡ്ഗാർ അല്ലൻ പോ അമേരിക്കൻ കഥാസാഹിത്യത്തിൽ ആവിഷ്കരിച്ച ഇംപ്രഷനിസ്റ്റിക് പ്രസ്ഥാനം ഏതാണ്ട് അതേകാലത്ത് ഗോഗോൾ റഷ്യയിൽ കൊണ്ടുവന്നു. '1835ൽ Arabesquer എന്നപേരിൽ തന്നെ അദ്ദേഹവും ഒരു കഥാസമാ ഹാരം പുറത്തിറക്കി.യാഥാർത്ഥ്യവും സ്വപ്നവും ഇടകലർത്തി ഭ്രമാത്മക മായ അവസ്ഥ സൃഷ്ടിക്കുന്ന ഇംപ്രഷനിസ്റ്റിക് രീതി ഗോഗോൾ അസാമാന്യ പാടവത്തോടെ പ്രയോഗിച്ചിട്ടുണ്ട്. Over coat തന്നെ അതിന് ഒന്നാന്തരം ഉദാ ഹരണമാണ്.ആ കഥ വായനക്കാരെത്തന്നെ അലോസരപ്പെടുത്തുകയും നിര ന്തരം പിന്തുടരുകയും ചെയ്യും'.[12]

ചെറുകഥയെ ജനങ്ങൾക്കിടയിലേക്ക് ഇറക്കിക്കൊണ്ടുവന്നത് ഫ്രഞ്ച് സാഹിത്യകാരനായ മോപ്പസാങ് ആണ്. കച്ചവടചെറുകഥയാക്കി കഥയ്ക്ക് വ്യാപനം നൽകിയത് മോപ്പസാങിന്റെ കഥകളാണ്. ഫ്ളോബറിന്റെ ശിഷ്യനായി ചെറുകഥാരംഗത്തേക്ക് കടന്നുവന്ന മോപ്പസാങ്(1850-1893) ഏഴുവർഷക്കാലത്തോളം ശിഷ്യനായിത്തുടർന്നു.ആ നീണ്ടപരിശീലനം അദ്ദേഹത്തെ ലോകംകണ്ട ഏറ്റവും വലിയ കഥാകാരനാക്കിത്തീർത്തു.'എമിലി സോളോയുടെ നിർബന്ധത്താൽ ചെറുകഥ എഴുതിത്തുടങ്ങിയ മോപ്പസാങ് ആദ്യകൃതിയായ Butter Ball എന്ന കഥയിലൂടെ തന്നെ പ്രസിദ്ധനായി മാറി. ആദ്യകഥ തന്നെ മാസ്റ്റർപീസായി മാറി.ഗുമസ്തൻമാർ, പാതിരിമാർ, വേശ്യകൾ, പട്ടാളക്കാർ എന്നിങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലുള്ളവരുടെ ജീവിതം അദ്ദേഹം തന്റെ കഥയ്ക്ക് വിഷയമാക്കി'.[13]അവരുടെ ജീവിതത്തിന്റെ അതിസൂക്ഷ്മമായ ആവിഷ്ക്കാരം അദ്ദേഹത്തെ ജനപ്രിയനായ കഥാകൃത്താക്കി മാറ്റി.നിയതമായശിൽപ്പവും ആന്തരിക ഘടനയുമുള്ള മോപ്പസാങിന്റെ കഥകൾ വ്യാപകമായി അനുകരിക്കപ്പെടുകയും കച്ചവടചെറുകഥയുടെ ഏറ്റവും നല്ല മാതൃകയായിത്തീരുകയും ചെയ്തു.

മോപ്പസാങ്ങിനെ മാതൃകയാക്കിക്കൊണ്ട് കഥാരംഗത്തേക്ക് കടന്നുവന്ന റഷ്യൻസാഹിത്യകാരനാണ് ആന്റൺ ചെക്കോവ്(1860-1904).വിശ്വചെറുകഥാസാഹിത്യത്തിലെ രാജശിൽപി എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. ദാരിദ്ര്യത്തിലേക്ക് ആഴ്ന്നുകൊണ്ടിരിക്കുന്ന പാവപ്പെട്ടവർ,സമ്പന്നതയിൽ ധൂർത്തടിക്കുന്ന പണക്കാർ,എന്താണ് ചെയ്യേണ്ടതെന്നറിയാതെ ഫലശൂന്യമായി സമയം നീക്കുന്ന ബുദ്ധിജീവികൾ-ഇവരെല്ലാം അടങ്ങിയ നിശ്ചലമായ റഷ്യൻജീവിതമാണ് ചെക്കോവിന്റെ മുന്നിലുണ്ടായിരുന്നത്. 'ചെറുകഥാകൃത്ത് എന്ന നിലയിൽ ചെക്കോവിനെ മോപ്പസാങ്ങുമായി താരതമ്യപ്പെടുത്താറുണ്ട്.പക്ഷേ രണ്ടുപേരുടെയും കഥകൾക്ക് വളരെയേറെ വ്യത്യാസമുണ്ട്'. [13]

ദിനപത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രചാരം അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും 19-ാം നൂറ്റാണ്ടിൽ ചെറുകഥയുടെ

അഭൂതപൂർവ്വമായ വളർച്ചയ്ക്കു കാരണമായി.മദ്ധ്യവർത്തിവർഗ്ഗത്തിന്റെ ഉയർന്നുവന്ന സാഹിത്യാഭിരുചിയെ സംതൃപ്തമാക്കാൻ പ്രസിദ്ധീകരണങ്ങൾ ചെറുകഥയെയാണ് സ്വീകരിച്ചത്.അതു ചെറുകഥയെ കച്ചവട പ്രാധാന്യമുള്ള ഒരു സാഹിത്യരൂപമാക്കി മാറ്റുകയും ചെയ്തു.

**<u>ഭാരതത്തിന്റെ കഥാചരിത്രം</u>**

പ്രാചീനഭാരതം കഥാസാഹിത്യത്തിന് അമൂല്യമായ സംഭാവന നൽകിയിട്ടുണ്ട്. ഭാരതത്തിലെ ഇതിഹാസങ്ങളും പുരാണങ്ങളും ബൗദ്ധ-ജൈനമത ഗ്രന്ഥങ്ങളും കഥകളുടെ ഒരു വിശാലമായ ലോകം കാഴ്ച്ചവയ്ക്കുന്നു.

ബുദ്ധമതസാഹിത്യത്തിൽപ്പെട്ട മഹാവിപുലസൂത്രങ്ങൾ എണ്ണമറ്റ കഥകളുടെ കോശമാണ്.അതിൽ 'ഇതിയുക്ത' എന്ന ഭാഗത്ത് കെട്ടുകഥകളും 'അവധാന' എന്ന ഭാഗത്ത് നീതികഥകളും 'അത്ഭുതധർമ്മ' എന്ന ഭാഗത്ത് അത്ഭുതകഥകളും കാണാം.

ശ്രീബുദ്ധന്റെ കാലത്ത് ബി.സി 6,5 നൂറ്റാണ്ടുകളിൽ ഉണ്ടായ പ്രബോധനാത്മകകഥകൾ ആണ് ജാതകകഥകൾ.നീതികഥാപ്രസ്ഥാനത്തിൽ ജാതകകഥകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്.ശ്രീബുദ്ധൻ തന്റെ സന്ദേശങ്ങൾ സാധാരണക്കാർക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി നീതികഥകൾ ഉപയോഗപ്പെടുത്തി. അദ്ദേഹത്തിന്റെ ശിഷ്യൻമാർ ആ കഥകൾ പാലിഭാഷയിൽ രേഖപ്പെടുത്തി പ്രചരിപ്പിച്ചു.ഈ കഥകൾ 'സുക്തപീടികം' എന്ന് അറിയപ്പെടുന്നു.

ജാതകകഥകളോളം പഴക്കം കൽപ്പിക്കാവുന്ന സംസ്കൃതത്തിലെ കഥാസമുച്ചയമാണ് പഞ്ചതന്ത്രം.ജാതകകഥകളുടെ പാരമ്പര്യം ആ കഥകൾക്കുണ്ട്.ഒരുപക്ഷേ ബുദ്ധമതാനുയായികളായ പണ്ഡിതന്മാരാകാം പഞ്ചതന്ത്രം കഥകൾ ക്രോഢീകരിച്ചത്.'അമരശക്തി എന്ന രാജാവിന്റെ വിഡ്ഢികളായപുത്രന്മാരെ പഠിപ്പിക്കാൻവേണ്ടി മഹാപണ്ഡിതനായ ഒരു ബ്രാഹ്മണ

ൻ കെട്ടിയുണ്ടാക്കിയതാണ് പഞ്ചതന്ത്രംകഥകൾ എന്നാണ് അതിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള കഥ.’[15]

പണ്ഡിതന്മാർ ഇന്ത്യയിലെ കഥാസാഹിത്യത്തിന് പാശ്ചാത്യസാഹിത്യത്തേക്കാൾ പ്രാചീനതയും പ്രാധാന്യവും കല്പിച്ചു കാണുന്നു. ‘ഈസോപ്പുകഥകളും പഞ്ചതന്ത്രംകഥകളും സ്വഭാവത്തിൽ സാമ്യമുള്ളവയാണ്. ഇവ ഇന്ത്യയിൽ നിന്ന് ഗ്രീസിലേക്ക് പോയതാകാമെന്നും ഇന്ത്യൻ കഥാപാരമ്പര്യത്തിനോട് ഈസോപ്പിന് ബന്ധമുണ്ടെന്നും കരുതുന്ന പണ്ഡിതന്മാർ ഉണ്ട്’.[16] കഥാസരിത്സാഗരകഥകളും അറബിക്കഥകളും തമ്മിൽ സാമ്യം കാണുന്നുണ്ടെന്നും ‘ഇന്ത്യയിൽ നിന്നു പോയ കഥകൾ ‘ആയിരത്തൊന്നു രാവുകളിലെ’ പല കഥകൾക്കും പ്രേരകമായിട്ടുണ്ടെന്നും വിശ്വസിക്കുന്ന പണ്ഡിതന്മാർ കുറവല്ല.’ [17]

കെട്ടുകഥകളുടെ ഭാവനാലോകത്തുനിന്ന് യാഥാർത്ഥ്യത്തിന്റെ മണ്ണിലേക്ക് ചുവടുവച്ചുകൊണ്ടാണ് ചെറുകഥ എന്ന സാഹിത്യരൂപം വ്യക്തിത്വം നേടിയത്. എങ്കിലും കാൽപ്പനികാശയങ്ങൾക്കായിരുന്നു അതിന്റെ സമഗ്രഘടനയിൽ പ്രധാന്യം.ലോകസാഹിത്യത്തിൽ ചെറുകഥ രൂപപ്പെട്ടുവന്ന 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ കാൽപ്പനികതയുടെ വസന്തകാലമാണ്.അതുകൊണ്ടു തന്നെ കാൽപ്പനികതയുടെ ചില സ്വഭാവങ്ങൾ ചെറുകഥയിലും പ്രബലമായി. വ്യക്തിപരത, ഏകാകിത, ആദർശാത്മകത, വിഷാദത്തോടും കലാപത്തോടുമുള്ള ആഭിമുഖ്യം തുടങ്ങിയ മനോഭാവങ്ങൾ അതിൽ ചിലതാണ്.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് ചെറുകഥ എന്ന പുതിയ സാഹിത്യരൂപം ഇന്ത്യൻ ഭാഷകളിൽ പ്രത്യക്ഷ്യപ്പെട്ടു തുടങ്ങിയത്. ഇംഗ്ലീഷിലൂടെ പാശ്ചാത്യസാഹിത്യവുമായി അടുത്തു ബന്ധപ്പെട്ടിരുന്ന ബംഗാളി സാഹിത്യത്തിൽ ചെറുകഥ കുറച്ചു നേരത്തേ ആവിർഭവിച്ചു. തുടർന്ന് മറ്റു ഭാഷകളിലേക്കും ചെറുകഥാസാഹിത്യം വേരുപിടിച്ചു. ‘ചെറുകഥ എന്ന അർത്ഥത്തിൽ വിവിധ ഇന്ത്യൻ ഭാഷകളിൽ ഉപയോഗിക്കുന്ന സംജ്ഞകൾ ഇവയാണ്. ബംഗാളി-ഷോട്ടാ ഗൽപ്പ, അസമിയ-ചുട്ടി

ഗൽപ്പ, ഉറുദു-മുഖതസർ അഫ് സാനാ,ഒറിയ- ക്ഷുദ്ര ഗൽപ്പ,ഗുജറാത്തി-ടൂങ്കി വാർത്താ, മറാഠി-ലഘുകഥാ, ഹിന്ദി-കഹാനി, സിന്ധി-കഹാണി, പഞ്ചാബി-നിക്കീകഹാനി, കന്നഡ-സണ്ണ കഥൈ,തെലുങ്ക്- കതാനിക,തമിഴ് -ചെറുകഥൈ' [18]

ബംഗാളി ഭാഷയിലാണ് ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ ആദ്യ മാതൃക കണ്ടെത്താനാവുന്നത്. കൃതി 1873ൽ പ്രസിദ്ധം ചെയ്ത 'മധുമതി' യാണ്. പൂർണ്ണചന്ദ്രചാറ്റർജി (1848-1922) ആയിരുന്ന മധുമതിയുടെ കർത്താവ്. തുടർന്ന് 'പ്രശസ്ത സാഹിത്യകാരൻ രവീന്ദ്രനാഥടാഗോർ (1861-1941) കടന്നുവന്നു. പോസ്റ്റ് മാസ്റ്റർ(18591),കാബൂളിവാല (1892), നഷ്ടനീഡ(1901) തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രശസ്ത രചനകളാണ്.'[19] പിന്നീട് ശരത് ചന്ദ്രചാറ്റർജി (1876-1938), താരാശങ്കർ ബാനർജി(1898-1971),ബിഭൂതി ഭൂഷൺ ബാനർജി (1894-1950) തുടങ്ങി പ്രശസ്തരായ ധാരാളം ചെറുകഥാകൃത്തുകൾ ബംഗാളിഭാഷയിൽ കടന്നുവന്നു.

ഉറുദുഭാഷയിൽ പ്രേംചന്ദും (1880-1936), അഹമ്മദ് നാദിം കാസ്മി, രാംലാൽ, അൻവർ അസിം, ജോഗീന്ദ്രപാൽ തുടങ്ങി കുൻവാർ സേൻ, സഫദ് ഉഗൽവി, അൻവർ റഷീദ്, കമർ അഹ്സാൻ വരെ പേരെടുത്തുപറയേണ്ട ധാരാളം കഥാകാരന്മാർ ചെറുകഥാസാഹിത്യത്തിൽ പ്രസിദ്ധിയാർജ്ജിച്ചവരാണ്.

മറാഠി സാഹിത്യത്തിലെ ഏറ്റവും പ്രധാന ചെറുകഥാകൃത്തുക്കൾ വി. എസ്.ഖാണ്ഡേക്കറും എൻ.എസ് ഫാക്ഡേയുമാണ്.പിന്നീട് ധാരാളം കഥാകാരന്മാരും കഥാകാരികളും തങ്ങളുടെ കഴിവു തെളിയിച്ചു. മറാഠി ചെറുകഥയിലെ ആധുനികതാ പ്രസ്ഥാനത്തിന്റെ മുന്നിൽ നിന്ന എഴുത്തുകാരാണ് ദിലീപ് ചിത്രേകമൽദാസ്, ജി.എ കുൽക്കർണി എന്നിവർ.

രാഷ്ട്രഭാഷയായ ഹിന്ദിയിലും ചെറുകഥയ്ക്ക് ചരിത്രപരമായ സ്ഥാനം നൽകിയത് പ്രേംചന്ദ് ആയിരുന്നു. അതിനുമുൻപ് ചില രചനകൾ ഉണ്ടായി എങ്കിലും പ്രമുഖനായ കഥാകൃത്തായി കണക്കാക്കുന്നത് പ്രേംചന്ദിനെയാണ്. പിന്നീട് ജയശങ്കർ പ്രസാദ് (1890-1937), വിശ്വംഭരനാഥ് കൗശിക് (1892-1945), സുദർശൻ ബദരീനാഥ് ഭട്ട് (1896-1972) എന്നിവരും

വിപ്ലവകരമായ കഥകൾ രചിച്ച യശ്പാലും, ഇലാചന്ദ്രജോഷി, ഉപേന്ദ്രനാഥ് അശ്ക്, ചന്ദ്രഗുപ്ത വിദ്യാലങ്കാർ എന്നിവരും മോഹൻ രാകേശ്, രാജേന്ദ്ര യാദവ്, കമലേശ്വർ എന്നിവരും ഹിന്ദി ചെറുകഥയിലൂടെ പ്രശസ്തരായവരാണ്.

പഞ്ചാബി സാഹിത്യത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കണ്ടുതുടങ്ങിയത് ചെറുകഥയുടെ വളർച്ചയോടെയാണ്. എസ്.എസ് ചരൺസിംഗ് ഷഹീദി (1893- 1935) മുതൽ ഗുർബക്സ് സിങ്,പ്രീതിലാരി,മുസാഫിർ,ഗുരു ചരൺസിംഗ്, എസ് എസ് നരൂല ദേവീന്ദർ സത്യാർത്ഥി,കുൽവന്ത് സിംഗ് വിർക് വരെയുള്ള പ്രധാനകഥാകൃത്തുക്കളും സ്ത്രീയുടെ സാമൂഹികാനുഭവങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട് കഥാരചനയ്ക്കു മുതിർന്ന അമൃതാ പ്രീതം, നവഭാവുകത്വം കഥകളിലേയ്ക്കുകൊണ്ടുവന്ന ബൽവന്ത് ഗാർഗി, നവതേജ്സിംഗ് തുടങ്ങിയവരും അജിത്കൗർ,ദിലീപ്കൗർ ടീവാന, സുർജിത് സിംഗ് സേത്തി, മോഹീന്ദർ സിംഗ് സേത്തി തുടങ്ങിയവരും രവീന്ദ്രൻ രവി, ജസ്വന്ത് സിംഗ് വർദി, ഗുൽസർ സിംഗ് സന്ധു മുതലായവരും പഞ്ചാബി ചെറുകഥാ ചരിത്രത്തിലെ പ്രമുഖരായ എഴുത്തുകാരാണ്.

കന്നഡ സാഹിത്യത്തിലെ മാസ്തി വെങ്കിടേശ്വര അയ്യങ്കാർ, എ.ആർ ശാസ്ത്രി, എം.എൻ.കൃഷ്ണറാവു, യു.ആർ.അനന്തമൂർത്തി, പൂർണ്ണചന്ദ്ര തേജസ്വി തുടങ്ങിയവരൊക്കെ കന്നഡ ചെറുകഥാ സാഹിത്യത്തിലെ പ്രമുഖരായ ചെറുകഥാകൃത്തുകളാണ്.

തെലുങ്കു ഭാഷയിലെ ചെറുകഥാ സാഹിത്യത്തിന്റെ സമാരംഭകനായി കരുതിപ്പോരുന്നത് ഗുർജാഡ അപ്പാറാവു, ആചണ്ട വേങ്കട സംഖ്യായന ശർമ്മ എന്നിവരാണ്. തുടർന്ന് കെ.കുടുംബറാവു, ജി.വി കൃഷ്ണറാവു, എ.വി സുബ്ബറാവു എന്നിവരും ബീണാദേവി, ബല ബാഡ കാന്തറാവു, കാളി പട്ടണം രാമറാവു, സി.എസ് റാവു, വി.രാജാറാംമോഹൻറാവു എന്നിവർക്കും കെ.രാമലക്ഷ്മി വസി റെഡ്ഡിദേവി, ഐ.വി. എസ് അച്യുതവല്ലി എന്നിവരുമൊക്കെ തെലുങ്കു ചെറുകഥാ സാഹിത്യത്തെ സമ്പന്നമാക്കിയ സാഹിത്യകാരന്മാരും സാഹിത്യകാരികളുമാണ്.

തമിഴിൽ വി.വി.എസ് അയ്യരുടെ(1881-1925)കടന്നുവരവോടെയാണ് ചെറുകഥാ സാഹിത്യം ആരംഭിക്കുന്നത്. മണിക്കൊടി പത്രാധിപർ ബി.

എസ് രാമയ്യ, പുതുമൈ പിത്തൻ, കുപ രാജഗോപാലൻ, മൗനി, എൽ എസ് രാമാമൃതം എന്നിവരാണ് പിന്നീട് ചെറുകഥയ്ക്ക് കരുത്തുപകർന്നവർ. തുടർന്ന് ടി.ജാനകി രാമൻ, ഡി.ജയകാന്തൻ എന്നിവർ തമിഴ് കഥാരചന യിൽ ഭാവുകത്വം പ്രകടമാക്കി. ജെ.രാജനാരായണൻ, അശോകമിത്രൻ, നീല പദ്മനാഭൻ തുടങ്ങി എഴുത്തുകാരിയായ ആർ.ചൂഢാമണി വരെയുള്ള കഥാ കൃത്തുക്കൾ തമിഴ് കഥാപാരമ്പര്യത്തെ പരിപോഷിപ്പിച്ചവരാണ്.

ഇന്ത്യയിലെ വിവിധഭാഷകളോടും സാഹിത്യപ്രസ്ഥാനങ്ങളോടു മൊപ്പം കേരളത്തിലെ ചെറുകഥാപ്രസ്ഥാനവും വളരുകയായിരുന്നു. കേരള ത്തിനും തനതായ ഒരു ചെറുകഥാ പാരമ്പര്യമുണ്ടായിരുന്നു.കേരളത്തനിമ യിലൂടെയും നാട്ടുമൊഴികളിലൂടെയും വളർന്നുവന്ന ഒരു ചെറുകഥാ പാരമ്പ ര്യം.

**<u>ചെറുകഥ - മലയാളത്തിൽ</u>**

മുത്തശ്ശിക്കഥകളും, ഐതിഹ്യകഥകളും പുരാണേതിഹാസകഥകളും വാമൊഴിയായി വളരെക്കാലം മുമ്പേ കേരളത്തിൽ പ്രചരിച്ചിട്ടുണ്ടാവണം. ജാതകകഥകളും,കഥാസരിത്സാഗരകഥകളും പണ്ടുമുതലേ മലയാളികൾ അറിഞ്ഞിരിക്കാം.കേരളത്തിന്റെ തെക്കൻദിക്കുകളിൽ പ്രചരിച്ചിരുന്ന തെക്ക ൻപാട്ടുകളിലൂടെയും,വടക്കൻപ്രദേശങ്ങളിൽ പ്രചരിച്ചിരുന്ന വടക്കൻ പാട്ടു കളിലൂടെയും ഭക്തികഥകളും വീരകഥാഗാനങ്ങളും കേരളത്തിൽ നില നിന്നിരുന്നു.ഇവയെല്ലാം തന്നെ ചെറുകഥയുടെ ജനനത്തിന് വഴികാട്ടിയായി മാറി എന്നു വിശ്വസിക്കാം.

കേരളത്തിന്റെ കഥാകൗതുകം മലയാള കാവ്യപാരമ്പര്യവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു.പ്രാചീനകാവ്യങ്ങളായ രാമചരിതത്തിന്റെയും രാമകഥാ പാട്ടിന്റെയും കാലംമുതൽ പുരാണേതിഹാസങ്ങൾ ഇവിടെ പ്രചരിച്ചിട്ടുണ്ട്. തുടർന്നു വന്ന കാവ്യപ്രസ്ഥാനങ്ങളെല്ലാം തന്നെ ചെറുകഥയുടെ വളർച്ച യെ പരിപോഷിപ്പിച്ചു എന്നു വേണം കരുതുവാൻ.

മലയാളത്തിലെ ആദ്യകഥയെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ പലതുണ്ട്. പുസ്തകരൂപത്തിലാണ് ആദ്യകഥകൾ വെളിച്ചം കണ്ടതെന്നു വാദിക്കുന്നവരും ആനുകാലികപ്രസിദ്ധീകരണങ്ങളിലാണ് ആദ്യകഥ പ്രസിദ്ധപ്പെടുത്തിയതെന്ന് പറയുന്നവരുമുണ്ട്.

കേരളത്തിൽ വന്ന ക്രിസ്ത്യൻ മിഷണിമാർ കുട്ടികളെ പഠിപ്പിക്കുന്നതിന് പാഠപുസ്തകങ്ങൾ നിർമ്മിച്ചിരുന്നു.ഇവർ ഉണ്ടാക്കിയ ഈ പാഠപുസ്തകങ്ങളിൽ ബൈബിളിലെ ലഘുകഥകളും സാരോപദേശ കഥകളും പരിഭാഷപ്പെടുത്തി ചേർത്തിരുന്നു.'കിട്ടിയിട്ടുള്ളതിൽ ഏറ്റവും പഴക്കം ചെന്നത് 1824ൽ സി.എം.എസ് പ്രസിൽ അച്ചടിച്ച ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്നു പരിഭാഷപ്പെടുത്തിയ കഥകൾ ആണ്'[20].'ഈ കൃതിയാണ് കേരളത്തിൽ ആദ്യമായി അച്ചടിച്ച മലയാളഗ്രന്ഥം എന്നു കരുതുന്നവരും ഉണ്ട്'.[21]ഇതിലെ കഥകൾ ആണ് മലയാളത്തിലെ ആദ്യകാല കഥകൾ എന്നും കരുതുന്നു.

'1867ൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1845-1914) പ്രസിദ്ധപ്പെടുത്തിയ രണ്ടാംപാഠാവലിയിലും മൂന്നാം പാഠാവലിയിലും ചേർത്തിട്ടുള്ള കഥകളാണ് മലയാളചെറുകഥയുടെ ആദ്യാങ്കുരങ്ങൾ എന്നു സമർത്ഥിക്കുന്നവരുമുണ്ട്.'[22] '1868ൽ കേരളവർമ്മ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാനമഞ്ജരിയിലെ രണ്ടു യാചകൻമാരായ ചെറുക്കന്മാരുടെ കഥയാണ് മലയാളത്തിലെ ഏറ്റവും പഴക്കംചെന്ന ചെറുകഥ എന്നു വിശ്വസിക്കുന്നവരുമുണ്ട്.'[23]ചെറുകഥയുടെ ഏകാഗ്രതയോ സൂക്ഷ്മനിരീക്ഷണതയോ തീവ്രതയോ ആവിഷ്ക്കാരഭംഗിയോ കേരളവർമ്മയുടെ കഥകളിൽ കാണുന്നില്ല. കുട്ടികളുടെ സ്വഭാവരൂപീകരണത്തിനുവേണ്ടി എഴുതിയ ആ കഥകൾ മലയാള സാഹിത്യത്തിൽ എടുത്തു പറയേണ്ട സംഭാവന തന്നെയാണ്.

ആനുകാലികങ്ങളിൽ കാണുന്ന ആദ്യത്തെ കഥ 1849ൽ പുറത്തിറങ്ങിയ 'ജ്ഞാനനിക്ഷേപത്തിലെ ആനയേയും തുന്നനേയും കുറിച്ചുള്ള കഥയാണ്.'[24] ഇത് സാരോപദേശ കഥയാണ്.

മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച സാഹിത്യമാസിക 1881ൽ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിയ വിദ്യാവിലാസിനിയാണ്. അതിന്റെ ആദ്യലക്കത്തിൽ കാണുന്ന 'ഒരു കല്ലൻ' ആണ് മലയാള ചെറു കഥയുടെ പ്രഥമാങ്കുരം എന്നും വിശ്വസിക്കപ്പെടുന്നു.'[25]

ആനുകാലിക പ്രസിദ്ധീകരണത്തോടെയാണ് മലയാളത്തിൽ ചെറുകഥ ഉണ്ടായതെന്നു വിശ്വസിക്കുന്നവരാണ് പ്രമുഖ സാഹിത്യ ചരിത്രകാരൻ മാരെല്ലാം തന്നെ.പക്ഷേ 'ആദ്യ കഥാകൃത്തിനെക്കുറിച്ചോ ആദ്യകഥയെ ക്കുറിച്ചോ നിഷ്കൃഷ്ടമായ ഒരന്വേഷണവും സാഹിത്യ ചരിത്രങ്ങളിൽ കാണുന്നില്ല.ഇതിനുള്ള പ്രധാന കാരണം ആദ്യകാലത്ത് പത്രമാസികക ളിൽ എഴുത്തുകാർ പലരും പേരു വെളിപ്പെടുത്താതെയാണ് കഥകളെഴുതി യിരുന്നത് എന്നതുതന്നെയാണ്.'[26]മലയാള ചെറുകഥയുടെ ഉപജ്ഞാതാ ക്കൾ എന്നു കരുതപ്പെടുന്നത് അമ്പാടിനാരായണപ്പൊതുവാൾ, എം.ആർ. കെ.സി,മൂർക്കോത്തു കുമാരൻ,ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ,സി.എസ് ഗോപാലപ്പണിക്കർ, കെ.സുകുമാരൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഇ.വി കൃഷ്ണപിള്ള എന്നിവരെയാണ്.

## ആദ്യത്തെ മലയാള ചെറുകഥ

ആദ്യകാലകഥയെക്കുറിച്ചും കഥാകൃത്തിനെക്കുറിച്ചും ഊഹാധിഷ്ഠിത മായ ഒരു സൂചനയെങ്കിലും നൽകുന്നത് ഉള്ളൂർ എസ് പരമേശ്വരയ്യർ ആണ്.'1066-ാമാണ്ടു മുതൽക്കാണ് ഭാഷയിൽ ചെറുകഥകൾ പ്രസിദ്ധീകൃത ങ്ങളായതെന്നു തോന്നുന്നു.സി.പി അച്യുതമേനോന്റെ വിദ്യാവിനോദിനി യിൽ പ്രകാശിതമായ 'വാസനാ വികൃതി' ഒരപസർപ്പക കഥയാണ്.'[27]ഈ കൃതിയെക്കുറിച്ച് കുറച്ചുകൂടി വ്യക്തമായിപ്പറയുന്നത് കോമലേഴത്തു കെ.ജി മാധവനാണ്.'കേസരിയുടെ 'വാസനാ വികൃതി' എന്ന കഥയാണ് ഭാഷ യിലെ ഒന്നാമത്തെ ചെറുകഥയെന്ന് ഇന്നുവരെയുള്ള തെളിവുകൾ വച്ചു കൊണ്ട് അനുമാനിക്കുന്നതിൽ അപാകതയൊട്ടുമില്ല.'[28] ആദ്യകാല മലയാള

മാസികകളിൽ വന്ന ചില ചെറുകഥകൾ ശേഖരിച്ചു പ്രസിദ്ധം ചെയ്തപ്പോൾ അദ്ദേഹം ആ സമാഹാരത്തിന്റെ ആമുഖത്തിലാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. എം.അച്യുതനും ഇതിനു സമാനമായാണ് തന്റെ കണ്ടെത്തലുകൾ വ്യക്തമാക്കുന്നത്. 'കേസരി കുഞ്ഞിരാമൻനായരാണ് (1036-1090) മലയാളത്തിൽ ഇന്നു നാം വീക്ഷിക്കുന്ന തരത്തിലുള്ള ചെറു കഥകൾ രചിച്ചു പ്രസിദ്ധം ചെയ്തതെന്നും വാസനാ വികൃതി എന്നാണ് ആ കഥയുടെ പേരെ'[29]ന്നും വ്യക്തമാക്കുന്നു.

ഡോ.എം.എം ബഷീർ ഇക്കാര്യം കുറേക്കൂടി ഉറപ്പിച്ച് പ്രസ്താവി ക്കുന്നു. 'വാസനാവികൃതിയാണ് മലയാളത്തിലെ ആദ്യത്തെ കഥ എന്ന കാര്യത്തിൽ തർക്കമില്ല.ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ ഏകദേശ സ്വഭാവമുള്ള ആദ്യത്തെ കഥ അതുതന്നെ.' [30]

കേസരിയുടെ വാസനാവികൃതി തന്നെയാണ് ഭാഷയിലെ ഒന്നാമത്തെ ചെറുകഥ എന്ന് ഈ തെളിവുകൾ എല്ലാം വച്ചുകൊണ്ട് അനുമാനിക്കാവു ന്നതാണ്.ഇത് 1066 കുംഭംലക്കം വിദ്യാവിനോദിനിയിലാണ് പ്രസിദ്ധപ്പെടു ത്തിയിട്ടുള്ളത്.യാതൊരു പേരുപോലും വയ്ക്കാതെയാണ് ഇത് പ്രസിദ്ധപ്പെ ടുത്തിയിട്ടുള്ളത് എന്നതും പ്രത്യേകം ഓർക്കേണ്ടതാണ്.ഇതിനു ശേഷം മേനോക്കിയെ കൊന്നതാര്, ദ്വാരക, പാതാള രാജാവ്, എന്റെ ആദ്യത്തെ ഫീസ്(വേങ്ങയിൽ കുഞ്ഞിരാമൻനായനാർ)മുതലായ കഥകളും വിദ്യാവി നോദിനിയിൽ അദ്ദേഹം പ്രസിദ്ധീകരിച്ച കഥകളാണ്.

## <u>ചെറുകഥയുടെ വളർച്ച</u>

ചെറുകഥയുടെ ആരംഭകാലഘട്ടങ്ങളിലുണ്ടായിരുന്ന മറ്റു സാഹിത്യ രൂപങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ചെറുകഥയുടെ വളർച്ച അത്ഭുതാ വഹമാണ്. ലഘുവായനക്കുള്ള ഒരു വിഭവം എന്ന നിലയിൽ വളർന്നുവന്ന ചെറുകഥയ്ക്ക് ആനുകാലികപ്രസിദ്ധീകരണങ്ങളിൽ വലിയ സ്ഥാനം ലഭിച്ചു എന്നത് ശ്രദ്ധേയമാണ്.ജനകീയമായ ഒരു സാഹിത്യരൂപമായി ചെറുകഥ മാറി.ആനുകാലികങ്ങളായ സംഭവങ്ങളെ അവതരിപ്പിച്ചു എന്ന

തും സാഹിത്യരൂപം എന്ന നിലയിൽ എല്ലാവിധ മാറ്റങ്ങളേയും ഉൾക്കൊണ്ടുകൊണ്ട് സ്വയംനവീകരണത്തിന് തയ്യാറായി എന്നതും സാഹിത്യലോകത്ത് ചെറുകഥയുടെ മാറ്റുകൂട്ടുന്നതിന് കാരണമായിത്തീർന്നു.

ആദ്യകാലത്തുണ്ടായ കഥകളുടെ പ്രധാന വിഷയങ്ങളായിത്തീർന്നത് പ്രണയം, അപസർപ്പണം, കോടതിവ്യവഹാരങ്ങൾ, സാഹസികോദ്യമങ്ങൾ എന്നിവയായിരുന്നു. മലയാളചെറുകഥയുടെ ഉപജ്ഞാതാക്കൾ എന്നു കരുതപ്പെടുന്ന എം.ആർ.കെ.സി, മൂർക്കോത്തുകുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, സി.എസ് ഗോപാലപ്പണിക്കർ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ,ഇ.വി കൃഷ്ണപിള്ള എന്നിവരുടെ കഥകൾ ഉദാഹരണങ്ങളാണ്. എങ്കിലും പഴയ കഥാകാരന്മാരുടെ കഥകളിൽ കാണാത്ത ഒരാഴവും,ഗൗരവബുദ്ധിയും,പാത്രസൃഷ്ടി വൈഭവവും ഇ.വി കൃഷ്ണപിള്ളയുടെ കഥകളിൽ കാണുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

പിന്നീട് വന്ന കഥകളിൽ സാമൂഹിക ജീവിതപ്രശ്നങ്ങളും സർഗ്ഗാത്മകതയും ഇഴചേർന്ന് തീക്ഷ്ണതയുടെ കാർക്കശ്യം കണ്ടു തുടങ്ങി. വ്യക്തിജീവിതത്തേക്കാൾ സാമൂഹിക ജീവിതത്തിന് ഇക്കാലഘട്ടത്തിലെ കഥാകൃത്തുക്കൾ പ്രാധാന്യം നൽകി. സ്വത്വബോധമുള്ള കഥാനായകന്മാരുടെ അരങ്ങേറ്റം മലയാളകഥയിൽ അവതരിപ്പിച്ചത്, വി.ടി ഭട്ടതിരിപ്പാടും എം.ആർ. കെ.സി യുമായിരുന്നു. എം.ആർ.കെ.സിയുടെ 'മയ്യാട്ടുമലയിലെ ഭൂതം' , 'കണ്ണിപ്പറമ്പിലെ കൊലപാതകം' എന്നീ കഥകൾ സ്ത്രീജീവിതത്തിന്റെ ഇരുട്ടറയിലേക്ക് വെളിച്ചം പകരുന്നവരായിരുന്നു. ഇ.വി കൃഷ്ണപിള്ളയുടെ കഥകളിൽ ആദ്യകാല ചെറുകഥയുടെ സ്വഭാവവും പുതിയ കഥകളിലേക്കുള്ള ദിശാസൂചിയും ദർശിക്കാനാവും. നവോത്ഥാനചിന്തയുടെ ആദ്യകിരണം ഇ.വി യുടെ നർമ്മത്തിലും വി.ടി യുടെ സാമുദായികപരിഷ്ക്കരണത്തിലും നിഴലിച്ചു. 'അതികഠിനം', 'ഉത്തരം കിട്ടാത്ത ചോദ്യം' തുടങ്ങിയ വി.ടി ഭട്ടതിരിപ്പാടിന്റെ കഥകളും 'അവളുടെ കഥയെഴുത്ത്','ദാമ്പത്യാനന്ദം','ഹുജൂർപ്രണയം' തുടങ്ങിയ ഇ.വി കൃഷ്ണപിള്ളയുടെ കഥകളും ഉദാഹരണങ്ങളാണ്.

മലയാള ചെറുകഥയുടെ രണ്ടാംഘട്ടത്തിന്റെ വഴി തെളിച്ചത് എം.പി പോളിന്റെ ചെറുകഥാ പ്രസ്ഥാനവും കേസരി ബാലകൃഷ്ണപിള്ളയുടെ ചെറുകഥയെക്കുറിച്ചുള്ള വിശകലനങ്ങളുമാണ്. ചെറുകഥയുടെ വളർച്ച യ്ക്ക് പ്രധാനഘടകമായി നിലനിന്നത് കേസരിയുടെ പത്രപ്രവർത്തനമാണ്. ലോകചെറുകഥയുടെ ഭാവുകത്വപരിണാമം കേസരി നമ്മുടെ എഴുത്തുകാരു മായി പങ്കുവച്ചുകൊണ്ടിരുന്നു. പഴയസാഹിത്യസങ്കേതങ്ങളും പുരോഗമന ജീവിതവീക്ഷണവും തമ്മിലുള്ള സംഘർഷത്തിനു തുടക്കമായതും കേസരി യുടെ പുരോഗമനാത്മകങ്ങളായ ആശയങ്ങളാണ്.അദ്ദേഹമെഴുതിയ അവ താരികകളും 'സമദർശി'യിലേയും 'കേസരി'യിലെയും ലേഖനങ്ങളും എഴു ത്തുകാരെ നവലോകത്തിന്റെ വക്താക്കളാക്കുവാൻ കാരണമായി.

ഈ കാലഘട്ടത്തിൽ കേരളത്തിലെ രാഷ്ട്രീയസാമുദായിക ജീവിത മേഖലകളിലുണ്ടായ പരിവർത്തനങ്ങളും, വിദ്യാഭ്യാസത്തിനു ലഭിച്ച പ്രചാര വും, പത്രമാസികകളും വാരികകളും കൂടുതൽ ജനപ്രീതിയാർജ്ജിച്ചതും, വർഗ്ഗീയകലാപങ്ങളും രാഷ്ട്രീയമായ ചേരിതിരിവുകളും ഇന്ത്യയുടെ വിഭ ജനവും തൊഴിലാളിവർഗ്ഗത്തിന്റെ നവോത്ഥാനവുമൊക്കെ മലയാളസാഹി ത്യരംഗത്ത് മാറ്റങ്ങൾക്ക് വഴി തെളിച്ചു.

പിന്നീട് സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുണ്ടായ നവോത്ഥാനം ചെറുകഥയിലും ചടുലമായ പരിവർത്തനങ്ങൾക്ക് വഴി തെളിച്ചു. സ്ത്രീ പുരുഷബന്ധങ്ങളിലും സാമൂഹികകാഴ്ച്ചപ്പാടുകളിലും രാഷ്ട്രീയരംഗങ്ങളി ലുമുണ്ടായ വിപ്ലവാത്മകമായ മാറ്റങ്ങൾ ഒരു കൂട്ടം ചെറുപ്പക്കാരെ കഥാ രംഗത്തേക്ക് ആകർഷിക്കുന്നതിനുള്ള പ്രധാനകാരണമായിത്തീർന്നു. ഇടതു പക്ഷരാഷ്ട്രീയത്തിന്റെ കടന്നുവരവും ഒന്നാംലോകമഹായുദ്ധത്തിനു ശേഷ മുണ്ടായ സാമ്പത്തീക പരാധീനതകളും സ്വാതന്ത്ര്യസമരവുമെല്ലാം സമൂഹ ത്തിന്റെ ചിന്താഗതിയിൽ വിപ്ലവകരമായ മാറ്റങ്ങൾക്കുള്ള വഴി തെളിച്ചു. സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടുപോയ വിഭാഗങ്ങളുടെ ഉയർത്തെഴു ന്നേൽപ്പിനും തന്റെ സ്വത്വത്തെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിനുള്ള പുത്തനുണർവിലേക്കും സമൂഹം തിരിഞ്ഞതും ഈ കാലഘട്ടത്തിന്റെ സവി ശേഷതയാണ്.പൊൻകുന്നം വർക്കി, എസ്.കെ പൊറ്റക്കാട്, തകഴി,ദേവ്,

ബഷീർ,കാരൂർ,ലളിതാംബികാ അന്തർജ്ജനം, കെ.സരസ്വതിയമ്മ, പി.സി കുട്ടികൃഷ്ണൻ തുടങ്ങിയ പുരോഗമന ചിന്താഗതിയുള്ള യുവകഥാകൃത്തുക്കളുടെ കടന്നുവരവ് മലയാളസാഹിത്യത്തിന്റെ കഥാലോകത്തിൽ വിപ്ലവകരമായ പുരോഗതിക്ക് തുടക്കം കുറിക്കുന്നതിന് കാരണമായി മാറി.

സാധാരണക്കാരുടെ കഥ പറഞ്ഞുകൊണ്ടാണ് കാരൂർ നീലകണ്ഠപിള്ള ചെറുകഥാരംഗത്തേക്ക് കടന്നുവന്നത്. 'മരപ്പാവകൾ', 'ഉതുപ്പാന്റെ കിണർ', 'ചുടലത്തെങ്ങ്', 'മോതിരം', 'വള്ളക്കാരൻ' തുടങ്ങിയ കഥകൾ കരൂരിന്റെ കഥാശിൽപത്തിന്റെ ചാതുരിയും കഥപറച്ചിലിന്റെ ലാളിത്യവും വ്യക്തമാക്കുന്ന ചുരുക്കം ചില കഥകൾ മാത്രമാണ്. 'തലയിലെഴുത്ത്', 'ചങ്ങാതിമാർ', 'ഒടുവിലത്തെ മകൻ' അങ്ങനെ നിരവധി കഥകൾ കാരൂരിന്റേതായുണ്ട്.

കഥ സാമൂഹികമായ ഉത്തരവാദിത്വമാണെന്നു തിരിച്ചറിഞ്ഞ കഥാകാരന്മാരാണ് തകഴിയും, ദേവും, ബഷീറും, പൊൻകുന്നം വർക്കിയുമൊക്കെ. കർഷകനും, കർഷകത്തൊഴിലാളികളും, റിക്ഷാക്കാരനുമുൾക്കൊള്ളുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ പ്രശ്നങ്ങൾ അവർ പൊതുജനമധ്യത്തിലേക്ക് കൊണ്ടുവന്നു.ദേവിന്റെ 'ഗുസ്തി','നായരീഴവലഹള','മീൻകാരൻ കോരൻ', 'സ്വർഗ്ഗത്തിലൊരു ചെകുത്താൻ',പൊൻകുന്നം വർക്കിയുടെ 'റിക്ഷാക്കാരൻ','വള്ളിച്ചെരുപ്പ്','അവളുടെവോട്ട്','ശബ്ദിക്കുന്നകലപ്പ്','നാട്ടുവെളിച്ചം', തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ', 'തഹസീൽദാരുടെ അച്ഛൻ', 'കറാച്ചിയിൽ', 'ചങ്ങാതികൾ', 'ഘോഷയാത്ര' , 'അടിയൊഴുക്കുകൾ' തുടങ്ങിയ കഥകളും ഉദാഹരണങ്ങൾ.

കഥപറച്ചിലിന്റെ അനായാസവും സ്വാഭാവികവുമായ രീതിയായിരുന്നു വൈക്കം മുഹമ്മദുബഷീറിന്റെ കഥകളുടെ സവിശേഷതകളിലൊന്ന്. ആർഭാടത്തിനും ആലങ്കാരികതയ്ക്കും ഇടം നൽകാതെ കഥാകാരനു പറയാനുള്ളത് നേരിട്ടു പറഞ്ഞുപോകുന്ന രീതിയാണ് ബഷീർ കൈക്കൊണ്ടത്.'ജന്മദിനം', 'ടൈഗർ', 'അമ്മ', 'ഒരു മനുഷ്യൻ', 'പൂവൻപഴം','നീലവെളി

ച്ചം','തേൻമാവ്','തങ്കമോതിരം','ഐഷുക്കുട്ടി' തുടങ്ങിയ കഥകൾ ഉദാഹരണങ്ങളാണ്. [31]

നമ്പൂതിരി സമുദായത്തിലെ സ്ത്രീപ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് കഥാരംഗത്തേക്ക് കടന്നുവന്ന കഥാകാരിയാണ് ലളിതാംബികാ അന്തർജ്ജനം.ജന്മിത്തവും ദേശീയപ്രസ്ഥാനങ്ങളും ജാത്യാചാരങ്ങളും നിലനിന്ന കാലഘട്ടത്തിലെ സ്ത്രീജീവിതത്തിന്റെ നേർക്കാഴ്ച്ചകളാണ് ലളിതാംബികാ അന്തർജ്ജനത്തിന്റെ 'പ്രതികാര ദേവത' , 'മൂടുപടത്തിൽ' , 'മനുഷ്യപുത്രി' തുടങ്ങിയ കഥകൾ.അന്തർജ്ജനങ്ങളുടെ പ്രശ്നങ്ങൾ മലയാളികൾക്കുമുന്നിൽ ശക്തമായി അടയാളപ്പെടുത്തിയ കഥകളാണ് അന്തർജ്ജനത്തിന്റേത്.വ്യക്തമായ സ്ത്രീവാദനിലപാടുകൾ തെളിഞ്ഞുകാണുന്നത് ലളിതാംബികാ അന്തർജ്ജനത്തിനുശേഷം കടന്നുവന്ന സരസ്വതിയമ്മയുടെ കഥകളിലാണ്.സമൂഹം സ്ത്രീകൾക്കു നേരേ പുലർത്തുന്ന നിഷേധാത്മക നിലപാടുകളോട് ശക്തമായി തന്റെ കഥകളിലൂടെ സരസ്വതിയമ്മ പ്രതിഷേധിച്ചു. പെൺബുദ്ധി, കീഴ്ജീവനക്കാരി, വിവാഹസമ്മാനം, സ്ത്രീജന്മം, പൊന്നുംകുടം, ചോലമരങ്ങൾ തുടങ്ങിയവയാണ് സരസ്വതിയമ്മയുടെ ചില പ്രധാനകഥകൾ.

മനുഷ്യബന്ധങ്ങളുടെ കഥപറച്ചിലുകാരനാണ് ഉറൂബ്. കാല്പനിക സ്പർശമുള്ള യഥാർത്ഥരീതിയാണ് അദ്ദേഹം കഥയിൽ സ്വീകരിച്ചത്.'രാച്ചിയമ്മ', 'മൂടൽ മഞ്ഞ്', 'വെളുത്തകുട്ടി', 'വാടകവീടുകൾ', 'അച്ഛന്റെ മകൻ' തുടങ്ങി ഒട്ടേറെ രചനകൾ അദ്ദേഹത്തിന്റേതായുണ്ട്.

മലയാളത്തിൽ സഞ്ചാരകഥകളിലൂടെ ശക്തമായ സാന്നിധ്യം തെളിയിച്ച കലാകാരനാണ് എസ്.കെ പൊറ്റക്കാട്. ആവിഷ്ക്കാരത്തിലെ സൂക്ഷമതയാണ് അദ്ദേഹത്തിന്റെ രചനകളുടെ പ്രത്യേകത. 'പുള്ളിമാൻ', 'നിശാഗന്ധി', 'സ്ത്രീ', 'ടൈംപീസ്', 'കടവുതോണി' തുടങ്ങിയ രചനകൾ ശ്രദ്ധേയമാണ്.

പിന്നീട് മലയാളകഥാരംഗത്തേക്ക് കടന്നുവന്ന നാഗവള്ളി ആർ.എസ് കുറുപ്പും, വെട്ടൂർ രാമൻനായരും, ടി.കെ.സി വടുതലയും, ചെറുകാടും, പുളി

മാന പരമേശ്വരൻ പിള്ളയും, പോഞ്ഞിക്കര റാഫിയുമൊക്കെ ശ്രദ്ധേയമായ കഥകളാൽ മലയാളസാഹിത്യത്തിനു സംഭാവന നൽകിയവരാണ്.

ഇ.വി കൃഷ്ണപിള്ള തുറന്നു വച്ച ഫലിതത്തിന്റെ പാതയിലൂടെ കടന്നുവന്ന കഥാകാരനാണ് പി.ചെല്ലപ്പൻനായർ. അദ്ദേഹത്തെ പിന്തുടർന്നു വന്ന വി.കെ.എൻ ഭക്ഷണത്തെ മുഖ്യകഥാപാത്രമാക്കി ധാരാളം കഥകളെഴുതിയിട്ടുണ്ട്. സമകാലിക സാമൂഹികരാഷ്ട്രീയ സാംസ്ക്കാരികരംഗങ്ങളിലെ കാപട്യം അദ്ദേഹം തന്റെ കഥകളിലൂടെ പൊളിച്ചെഴുതി. ചാത്തൻസും, പയ്യനും വി.കെ എന്നിന്റെ തൂലികയിലൂടെ ജന്മമെടുത്തവരാണ്.

സൈനികകേന്ദ്രിതകഥാരചനകളുടെ അനുഭാവലോകവുമായി കടന്നു വന്നവരാണ് കോവിലൻ, നന്തനാർ പാറപ്പുറത്ത്, വിനയൻ തുടങ്ങിയവർ. വിശപ്പും ദാരിദ്ര്യവുമായിരുന്നു കോവിലന്റെ കഥകളുടെ കേന്ദ്രധമനി. 'അമ്മ', 'തടവുകാരൻ','അസ്ഥി', 'ശ്മശാനത്തിൽ', 'കോവിലൻകഥകൾ' തുടങ്ങിയവയെല്ലാം മലയാളത്തിലെ നട്ടെല്ലുറപ്പുള്ള കഥകളാണ്.നന്തനാരുടെ 'മൊയ്തീൻ', 'മനുഷ്യരും മൃഗങ്ങളും','മുത്തശ്ശി' തുടങ്ങിയ കഥകളും പാറപ്പുറത്തിന്റെ 'ഭയം',' ഹൃദയത്തുടിപ്പുകൾ', 'മൃഗം', 'പ്രകാശധാര', 'ജീവിതത്തിന്റെ ആൽബത്തിൽ നിന്ന്' തുടങ്ങിയ കഥകളും ശ്രദ്ധേയമാണ്.

മലയാളത്തിൽ ആധുനികതയോട് ചേർന്നു നിൽക്കുന്ന കഥകളാണ് സി.എൻ ശ്രീകണ്ഠൻനായർ, ഉണ്ണിക്കൃഷ്ണൻ പുതൂർ, കെ.ടി മുഹമ്മദ്, പെരുമ്പടവം ശ്രീധരൻ തുടങ്ങിടവരുടേത്. 'പിച്ചിപ്പൂ', 'മന്ത്രകോടി', 'സിന്ദൂരപ്പൊട്ട്' തുടങ്ങിയ ശ്രീകണ്ഠൻനായരുടെ കഥകളും 'എന്റെ നൂറ്റിയൊന്ന് കഥകൾ', 'കംസൻ', 'പുതൂരിന്റെ കഥകൾ' മുതലായ ഉണ്ണിക്കൃഷ്ണൻ പുതൂരിന്റെ കഥകളും'വേനലിൽ പൂക്കുന്ന മരം','ഒരു കെട്ടുതാലിയും ഒത്തിരി ഓർമകളും' തുടങ്ങിയ പെരുമ്പടവത്തിന്റെ കഥാസമാഹാരങ്ങളും 'കണ്ണുകൾ', 'ചിരിക്കുന്ന കത്തി', 'കാപ്പിയിൽ ഒരു മരണം', 'കോഴി', 'ഭ്രാന്ത്' തുടങ്ങിയ കെ.ടി കുഞ്ഞുമുഹമ്മദിന്റെ കഥകളും മലയാള ചെറുകഥയ്ക്ക് വേറിട്ട അനുഭവങ്ങൾ സമ്മാനിക്കുന്നു.

സാമൂഹ്യപ്രശ്നങ്ങളിൽനിന്ന് വ്യക്തിപരമായ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടിയവരാണ് എം.ടി.യും, ടി.പത്മനാഭനും, മാധവിക്കുട്ടിയുമൊക്കെ. സ്നേഹമാണ് പത്മനാഭൻ കഥകളുടെ അടിയൊഴുക്ക്. 'നഷ്ടപ്പെടുന്ന സ്നേഹവും സാന്ത്വനസംഗീതവും തിരിച്ചുപിടിക്കാനും മഴയും കടലും ഞെരിപ്പോടുകളും മനസിൽ വഹിച്ച് പൊരുതി മുന്നേറുവാനുള്ള തന്റേടം പ്രകടിപ്പിക്കുന്നവരാണ് പത്മനാഭന്റെ കഥാപാത്രങ്ങൾ'[32]. 'പ്രകാശം പരത്തുന്ന പെൺകുട്ടി', 'ഗൗരി', 'സാക്ഷി', 'കടൽ', 'വീട് നഷ്ടപ്പെട്ട കുട്ടി', 'ടി.പത്മനാഭന്റെ തിരഞ്ഞെടുത്ത കഥകൾ', 'എന്റെ ആദ്യത്തെ കഥകൾ', 'പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്' എന്നിവയാണ് മുഖ്യകഥാസമാഹാരങ്ങൾ.

അനാഥവും ക്ഷുഭിതവുമായ ബാല്യത്തിന്റെയും യൗവനത്തിന്റെയും കഥകൾ പറഞ്ഞ കഥാകാരനാണ് എം.ടി വാസുദേവൻനായർ. തറവാടും, ഗ്രാമവും, നഗരവും അദ്ദേഹത്തിന്റെ കഥകളിൽ നിറഞ്ഞുകിടക്കുന്നു. വിപുലവും വിചിത്രവും വ്യത്യസ്തവുമായ ജീവിതസമസ്യകളിലേക്ക് ആഴ്ന്നിറങ്ങി മണ്ണും മനസും രൂപപ്പെടുന്ന ദൃശ്യവിസ്മയങ്ങളുടെ വിശാലത എം.ടിയുടെ അക്ഷരകലയിലുണ്ട്. 'കുട്ട്യേടത്തി', 'നീലക്കടലാസ്', 'ഒരു പിറന്നാളിന്റെ ഓർമ്മ', 'നിന്റെ ഓർമ്മയ്ക്ക്', 'ഇരുട്ടിന്റെ ആത്മാവ്', 'ഓപ്പോൾ', 'വാനപ്രസ്ഥം', 'പെരുമഴയുടെ പിറ്റേന്ന്', 'ബന്ധനം' തുടങ്ങിയ കഥകൾ മലയാളകഥയുടെ കരുത്തും സൗന്ദര്യവും പ്രതിഫലിപ്പിക്കുന്നു..

മുസ്ലീം പശ്ചാത്തലത്തിൽ കഥകൾ പറഞ്ഞ കഥാകാരനാണ് എൻ.പി മുഹമ്മദ്. മതവും,ശാസ്ത്രവും, ചരിത്രവും, ദേശപ്പെരുമയുമൊക്കെ അദ്ദേഹത്തിന്റെ കഥകൾക്ക് വിഷയമായി.'നിധി','കോഴി മൂന്നുവട്ടം കൂകി','42-ാം വീട്ടിൽ ചെകുത്താൻ', 'കുരങ്ങ്', 'സരസ്വതിപുരാണം','അമ്മ','മഞ്ഞക്കിളിയുടെ പാട്ട്', 'ചിരിക്കുന്ന റേഷൻകാർഡ്'തുടങ്ങിയവയാണ് പ്രധാനകൃതികൾ. മരണം പ്രധാനപ്രമേയമായി വരുന്ന കഥകളാണ് എൻ.മോഹനന്റേത്. 'നിന്റെ കഥ (എന്റെയും)', 'പൂജയ്ക്കെടുക്കാത്ത പൂക്കൾ', സ്നേഹത്തിന്റെ

വ്യാകരണം','ഒന്നും പറയാതെ''എൻ.മോഹനന്റെ കഥകൾ','ദു:ഖത്തിന്റെ രാത്രികൾ' എന്നിവയാണ് അദ്ദേഹത്തിന്റെ കഥാസമാഹാരങ്ങൾ.

സ്ത്രീപുരുഷബന്ധത്തിന്റെ നൂലിഴകളിലൂടെ സഞ്ചരിച്ച കലാകാരിയാണ് മാധവിക്കുട്ടി. ഗ്രാമത്തിന്റെയും നഗരത്തിന്റെയും പശ്ചാത്തലത്തിൽ കുട്ടികളുടെയും സ്ത്രീകളുടെയും അനുഭവലോകത്തെ കേന്ദ്രീകരിച്ചുകൊണ്ട് വൈവിധ്യമാർന്ന ചെറുകഥകൾ അവർ രചിച്ചു. ആഖ്യാനചടുലത, കഥയുടെ ഇഴയടുപ്പം, വാക്കുകളിൽ കവിതയുടെ പൂത്തുനില്പ് എന്നിങ്ങനെ ഭാവാവിഷ്ക്കാരത്തിന് പിൻബലമാകുന്ന സങ്കേതങ്ങളെല്ലാം മാധവിക്കുട്ടിക്ക് വഴങ്ങിയിരുന്നു. സ്ത്രീമനസുകളുടെ വിവിധതലങ്ങൾ കണ്ടറിയുകയും അവ തന്റെ കഥകളിലൂടെ വ്യക്തമാക്കുകയും ചെയ്തു മാധവിക്കുട്ടി. സ്നേഹവും സ്നേഹഭംഗവുമൊക്കെ അവരുടെ കഥകൾക്ക് വിഷയമായി. 'കാളവണ്ടികൾ','കോലാട്','നുണകൾ','ശിക്ഷ','തരിശുനിലം','പക്ഷിയുടെ മണം', 'ജാനു പറഞ്ഞ കഥ', 'മതിലുകൾ', 'ഉണ്ണി', 'കല്ല്യാണി', 'സൂര്യൻ', 'നെയ്പ്പായസം', 'പട്ടങ്ങൾ' എന്നിങ്ങനെ ധാരാളം കഥകൾ മാധവിക്കുട്ടിയുടേതായുണ്ട്.

തൃക്കോട്ടൂരിന്റെ ജീവിതസ്പന്ദം തന്റെ കഥയിൽ കേൾപ്പിച്ച കഥാകാരനാണ് യു.എ ഖാദർ. സാധാരണക്കാരന്റെ മോഹവും മോഹഭംഗങ്ങളും അദ്ദേഹത്തിന്റെ കഥകൾക്ക് വിഷയമായി.'കലശം', 'തൃക്കോട്ടൂർ പെരുമ', 'തൃക്കോട്ടൂർ കഥകൾ','മലയാളത്തിന്റെ സുവർണകഥ-യു.എ ഖാദർ', 'ഇത്തിരിപ്പൂമൊട്ടുകൾ' എന്നിവ പ്രധാനകൃതികളാണ് [34]. തുടർന്നുവന്ന സി. രാധാകൃഷ്ണനും പി.എ മുഹമ്മദ്കോയയും ജയദേവനുമൊക്കെ ശ്രദ്ധേയരായ കഥാകാരന്മാരാണ്.

സമൂഹത്തിൽ അലിഞ്ഞുചേരാതെ സ്വയം ഭ്രഷ്ടരായി അലയുന്ന ഒറ്റപ്പെട്ടമനുഷ്യർ ചെറുകഥയുടെ കേന്ദ്രസ്ഥാനത്തേക്ക് വന്നത് അടുത്ത ദശകത്തിലാണ്. അസ്തിത്വം ഭാരമാണെന്നബോധവും അന്യവത്ക്കരണവും മൃത്യുരതിയും  മറ്റും ഈ കാലഘട്ടത്തിൽ പ്രമേയതലത്തിൽ പ്രാമുഖ്യം നേടി. പാശ്ചാത്യത്തിൽ നിന്നും ആശയങ്ങൾ സ്വീകരിക്കാനും കഥകൾക്ക്

ദാർശനീകമാനം നൽകാനും ആധുനികതാ പ്രസ്ഥാനത്തിലെ കഥാകൃത്തുക്കൾ ശ്രമിച്ചു.'ജീവിതത്തിലെ വൈരുദ്ധ്യങ്ങളുടെ അനിവാര്യത തിരിച്ചറിയുകയും അവയെ മാറ്റിപ്പണിയുന്നതിന്റെ അസാദ്ധ്യത ബോധ്യപ്പെടുകയും ചെയ്തതുകൊണ്ട് വിരുദ്ധോക്തിയിലൂടെ അവയുടെ നേരെ പ്രതികരിക്കുന്ന പ്രവണത ശക്തമായി'[35].ദുരന്തങ്ങളെ ഇരുണ്ടഹാസ്യം കൊണ്ടു നേരിടുന്ന രീതിയും പ്രബലമായി. എം.പി നാരായണപിള്ള,കാക്കനാടൻ,ഒ.വി വിജയൻ, എം.മുകുന്ദൻ, ആനന്ദ്, സക്കറിയ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, പത്മരാജൻ തുടങ്ങിയവരാണ് ആധുനികതയെ മലയാള ചെറുകഥയിൽ ഒരു പ്രസ്ഥാനമായി വളർത്തിയെടുത്തത്.

മതവും രാഷ്ട്രീയവും സദാചാരസങ്കല്പവും മിത്തുകളുമെല്ലാം പ്രമേയമാക്കിയ കഥകളാണ് കാക്കനാടന്റേത്. 'കണ്ണാടിവീട്', 'പറങ്കിമല', 'ഒറ്റയാൻ', 'നിഷാദസങ്കീർത്തനം','ഏഴാംമുദ്ര', 'കലാപം', 'കാളിയമർദ്ദനം' എന്നിവ പ്രധാനകഥകളാണ്.

ഗ്രാമീണത്തനിമ,കറുത്ത ഫലിതം, തെളിമയുള്ള ഭാഷ, പരുക്കൻ പശ്ചാത്തലം, ആത്മാന്വേഷണം തുടങ്ങിയവയാണ് ഒ.വി വിജയൻ കഥകളുടെ സവിശേഷത.'കടൽത്തീരത്ത്','വിജയന്റെകഥകൾ'[35],'അശാന്തി','കാറ്റു പറഞ്ഞ കഥ', 'ഉച്ചകോടി', 'മൂന്നു യുദ്ധങ്ങൾ','ബാലബോധിനി','കുറേ കഥാബീജങ്ങൾ'തുടങ്ങിയവയാണ് കഥാസമാഹാരങ്ങൾ.

പുരാവൃത്തങ്ങളും യാഥാർത്ഥ്യവും മതദർശനങ്ങളുമെല്ലാം തന്റെ കഥയ്ക്ക് ഇതിവൃത്തമാക്കിയ കഥാകാരനാണ് ആനന്ദ് (പി.സച്ചിദാനന്ദൻ). കാൽപനികധാരയെ അട്ടിമറിച്ച കഥാകാരനാണ് അദ്ദേഹം.'കല്ലുകൾ','കാട്','പ്രവാചകനും കാവൽക്കാരനും','കുഴിയിൽ' തുടങ്ങിയവ കഥകളും 'വീടും തടവും','ഒടിയുന്ന കുരിശ്','അശാന്തം','സംവാദം' തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കഥാസമാഹാരങ്ങളുമാണ്.

ഗ്രാമത്തിന്റെയും നഗരത്തിന്റെയും ആശുപത്രികളുടെയും കഥകളിലൂടെ കടന്നുവന്ന കഥാകാരനാണ് പുനത്തിൽ കുഞ്ഞബ്ദുള്ള. സാധാരണ

തലത്തിൽ കഥ പറഞ്ഞ് അസാധാരണതലത്തിൽ എത്തിക്കുക എന്നതാണ് അദ്ദേഹത്തിന്റെ കഥാരീതിയുടെ സവിശേഷത. 'കത്തി', 'നവാബ് ','പാപത്തിന്റെ മറ','മലമുകളിലെ അബ്ദുള്ള','ആറാമിന്ദ്രിയം','കൃഷ്ണന്റെ രാധ', 'വേഷം','കൊലച്ചോറ്','മഗ്ദലന','കുന്തി','പുരുഷാർത്ഥം' തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

മനുഷ്യന്റെ വേദനകൾ ശക്തമായ ബിംബാവലികളിലൂടെ അവതരിപ്പിച്ച കഥാകൃത്താണ് എം.പി നാരായണപിള്ള. 'മുരുകൻ എന്ന പാമ്പാട്ടി', 'ശിവരാമൻ','നിരാശ','എലിവിഷം' തുടങ്ങിയ കഥകളെല്ലാം വളരെ ശ്രദ്ധേയമാണ്.

മനുഷ്യന്റെ സ്വത്വനാശവും ബന്ധങ്ങളുടെ നിരർത്ഥകതയും സമൂഹം വ്യക്തികളിലേക്ക് അടിച്ചേൽപ്പിക്കുന്ന അന്യഥാബോധവും മുകുന്ദന്റെ കഥാലോകം സജീവമായി ചർച്ചചെയ്തു.'തട്ടാത്തിപ്പെണ്ണിന്റെ കല്യാണം', 'ഞാൻ', 'ദൽഹി', 'രാധ,രാധ മാത്രം', 'ദിനോസറുകളുടെ കാലം', 'ചെന്നായ' തുടങ്ങിയവ കഥകളും 'പാവാടയും ബിക്കിനിയും','കഥാവശേഷൻ', 'കണ്ണാടിയുടെ കാഴ്ച്ച','ഹൃദയവതിയായ പെൺകുട്ടി','ശൂന്യതാകാണ്ഡം' തുടങ്ങിയവ കഥാസമാഹാരങ്ങളുമാണ്.

ചരിത്രം, രാഷ്ട്രീയം, പാരമ്പര്യം, സ്വത്വപ്രതിസന്ധി എന്നിങ്ങനെ വിവിധമാനങ്ങളിലൂടെ സഞ്ചരിച്ച കഥാകാരനാണ് സക്കറിയ.'ഒരിടത്ത്', 'ആർക്കറിയാം','ജോസഫ് നല്ലവന്റെ കുറ്റസമ്മതം' എന്നീ കഥകളും 'സക്കറിയായുടെ പെൺകഥകൾ','സക്കറിയയുടെ തിരഞ്ഞെടുത്ത കഥകൾ'[36], 'കണ്ണാടികാണോളവും' തുടങ്ങിയ കഥാസമാഹാരവും അദ്ദേഹത്തിന്റേതായുണ്ട്.

അതിനുശേഷം കടന്നുവന്ന കഥാകാരന്മാണ് സേതു, വി.പി ശിവകുമാർ, പി.പത്മരാജൻ, ടി.രാമചന്ദ്രൻ തുടങ്ങിയവർ. സേതുവിന്റെ 'കറുപ്പിന്റെ സംഗീതം','യാത്രയ്ക്കിടയിൽ നൂലേണി','സമയം'എന്നിവ പ്രധാനകഥകളാ

ണ്. പ്രണയവും, മരണവും, സമനിലതെറ്റുന്ന മനസുകളും,ലൈംഗികതയും കാരുണ്യത്തിന്റെ വിഹ്വലതകളും ഭംഗിയായി അവതരിപ്പിച്ച കഥാകാരനാണ് പി.പത്മരാജൻ.'ചൂണ്ടൽ', 'അപരൻ', 'ലോല', 'തകര', 'ഓർമ്മ', 'കിഴക്കേ മുറ്റത്തെ ചെമ്പകം '[37] എന്നിങ്ങനെയുള്ള കഥകൾ ശ്രദ്ധേയമാണ്.

കഥപറച്ചിലിന്റെ സാന്ദ്രതയും വൈവിധ്യവും കൊണ്ട് വായനക്കാരന്റെ മനസുപൊള്ളിച്ച കഥാകാരികളാണ് രാജലക്ഷ്മി, പി.വത്സല തുടങ്ങിയവർ. വയനാടൻ മണ്ണിന്റെയും മനുഷ്യന്റെയും മനസുതൊട്ടു കാണിച്ച കഥാകാരിയാണ് പി.വത്സല. 'കയം', 'നീലമ്മ', 'ചേച്ചി', 'അനുപമയുടെ കാവൽക്കാരൻ' തുടങ്ങിയ കഥകൾ സ്ത്രീ ജീവിതത്തിന്റെ പ്രതിസന്ധികളും സ്വപ്നങ്ങളും വ്യക്തമാക്കുന്നു. സ്നേഹം,മൃത്യുവാഞ്ഛ, ഏകാന്തത എന്നിവ മുഖമുദ്രയാക്കിയ കഥകളാണ് രാജലക്ഷ്മിയുടേത്.'ആത്മഹത്യ', 'മാപ്പ്','പരാജിത','ഒരദ്ധ്യാപിക ജനിക്കുന്നു','ശാപം','തെറ്റുകൾ എന്നിവയിലെല്ലാം വിഷാദാത്മകത നിറഞ്ഞുനിൽക്കുന്നു.

ദർശനങ്ങളിലും ഭാഷാശൈലിയിലും വ്യത്യസ്തത പുലർത്തിയ കഥാകാരനാണ് എൻ.എസ് മാധവൻ. ആവിഷ്ക്കാരത്തിന്റെ നവീനടെക്നിക്കുകൾ തന്റെ കഥകളിൽ അവതരിപ്പിച്ചു എൻ.എസ് മാധവൻ. 'ഹിഗ്വിറ്റ', 'ചൂളൈമേട്ടിലെ ശവങ്ങൾ','കാർമൻ','തിരുത്ത്'[38] എന്നിവ ശ്രദ്ധേയമായ കഥകളാണ്.

പാർശ്വവത്ക്കരിക്കപ്പെട്ട സ്ത്രീജീവിതം കഥയുടെ മുഖ്യധാരയിലേക്ക് കൊണ്ടു വന്ന കഥാകാരിയാണ് സാറാ ജോസഫ്.മലയാളത്തിൽ ഫെമിനിസത്തിന്റെ അടയാളപ്പെടുത്തലാണ് സാറാജോസഫിന്റെ കഥകളെല്ലാംതന്നെ. 'പാപത്തറ', 'മുടിത്തെയ്യം', 'ഒടുവിലത്തെസൂര്യകാന്തി', 'സ്കൂട്ടർ', 'ചാവുനിലം','കന്യകയുടെ പുല്ലിംഗം' എന്നിവയെല്ലാം ശ്രദ്ധേയമായ കഥകളാണ്.

പിന്നീടു വന്ന മേതിൽ രാധാകൃഷ്ണൻ, കെ.എൽ മോഹനവർമ്മ, ഇ.വി ശ്രീധരൻ, ശത്രുഘ്നൻ, ഇ.ഹരികുമാർ,ജോസ് പനച്ചിപ്പുറം തുടങ്ങിയ

കഥാകാരന്മാരും മാനസി,സാറാ തോമസ്,ബി.എം സുഹറ തുടങ്ങിയ കഥാകാരികളും ചെറുകഥാ രംഗത്ത് ശ്രദ്ധേയമായ സാന്നിധ്യമറിയിച്ചവരാണ്. ഒരു പ്രത്യേക ചട്ടക്കൂടിനുള്ളിൽ ഒതുങ്ങാതെ അതുവരെ നിലനിന്നിരുന്ന രചനാതന്ത്രങ്ങളെ അവർ പാടേതള്ളിക്കളഞ്ഞുകൊണ്ട് ആശയസ്വീകരണത്തിലും, രചനയിലും പുതുമയുടെ ഒരു ലോകം സൃഷ്ടിച്ചു. സ്വത്വാന്വേഷികളുടെ കലാപത്തിൽ നിന്നും കഥ വീണ്ടും ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് പ്രവേശിച്ചു.

കഥയുടെ ഉത്തരാധുനിക ഘട്ടത്തിൽ ശ്രദ്ധേയരായ കഥാകാരന്മാരാണ് എൻ.പ്രഭാകരൻ, ടി.വി കൊച്ചുബാവ, അക്ബർ കക്കട്ടിൽ, സി.വി ബാലകൃഷ്ണൻ,യു.കെ കുമാരൻ,വി.ആർ സുധീഷ്,പി.സുരേന്ദ്രൻ,അശോകൻ ചരുവിൽ തുടങ്ങിയവർ അഷിത,ഗ്രേസി,മാനസി,ചന്ദ്രമതി,കെ.പി സുധീര, പ്രിയ എ.എസ് തുടങ്ങിയ കഥാകാരികളും ഈ കാലഘട്ടത്തിൽ മലയാളകഥയിൽ ശ്രദ്ധേയമായ ഇടം നേടി.

വർത്തമാന ജീവിത പ്രതിസന്ധികളും അതിജീവനത്തിനു കൊതിക്കുന്ന കഥാപാത്രങ്ങളും തങ്ങളുടെ കഥയ്ക്ക് വിഷയമാക്കിയ കഥാകാരന്മാണ് ടി.കെ ശങ്കരനാരായണൻ,ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, അംബികാസുതൻ മാങ്ങാട് തുടങ്ങിയവർ.

കഥയുടെ നവീനപരിസരം കണ്ടെത്തുകയും ചുറ്റുമുള്ള ജീവിതങ്ങളുടെ രേഖാചിത്രങ്ങൾ അടയാളപ്പെടുത്തുകയും ചെയ്ത ധാരാളം കഥാകൃത്തുക്കൾ പിന്നീട് ഉണ്ടായി. സുസ്മേഷ് ചന്ദ്രോത്ത്, സന്തോഷ് ഏച്ചിക്കാനം, ബി.മുരളി,കെ.എം ശ്രീജിത്ത് തുടങ്ങിയ ശ്രദ്ധേയരായ കഥാകാരന്മാരും ഗീതാ ഹിരണ്യൻ,സിതാര എസ്,രേഖ.കെ,കെ.ആർ മീര, ഇന്ദുമേനോൻ,ധന്യാരാജ് തുടങ്ങിയ കഥാകാരികളും തങ്ങളുടെ കഥകളുടെ സവിശേഷതകളിലൂടെ ശ്രദ്ധേയരായവരാണ്.

നവീനരായ കഥയെഴുത്തുകാരെല്ലാം തന്നെ ഒരു പ്രത്യേക ചട്ടക്കൂടിൽ ഒതുങ്ങിനിൽക്കാതെ സമകാലികപ്രശ്നങ്ങളും, സ്ത്രീപ്രശ്നങ്ങളും,പാരിസ്ഥിതിക പ്രശ്നങ്ങളും കഥാവിഷയമാക്കി. ഇക്കാലമത്രയും ചെറുകഥാശിൽപത്തിന്റെ മാറ്റത്തിനു പിന്നിൽ പ്രവർത്തിച്ചത് പാരമ്പര്യവും പുതുമയും തമ്മിലുള്ള സംഘർഷമാണ്.കാലത്തോടും ജീവിതത്തോടും ഗാഢ

മായി പ്രതികരിച്ചുകൊണ്ട് കഥാലോകം അതിന്റെ മാറ്റ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

മലയാള ചെറുകഥയുടെ വികാസപരിണാമങ്ങൾ പൂർണമായി ഉൾക്കൊള്ളിക്കാൻ ഈ അധ്യായത്തിൽ കഴിഞ്ഞിട്ടില്ല. എങ്കിലും പ്രധാനഘടകങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. സ്വാത്വപ്രകാശനം എന്ന നിലയിൽ സ്ത്രീശബ്ദം കേട്ടുതുടങ്ങിയ കഥകളേയും കഥാകാരികളേയും കുറിച്ച് അടുത്ത അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു.

**<u>അടിക്കുറിപ്പുകൾ</u>**

1. അപ്പൻ കെ .പി – കഥ ആഖ്യാനവും അനുഭവസത്തയും
കറന്റ് ബുക്സ് ,കോട്ടയം1999
2. പോൾ എം.പി – ചെറുകഥാ പ്രസ്ഥാനം,
നാഷണൽ ബുക്ക് സ്റ്റാൾ,കോട്ടയം, പുറം 21
3.. Bates H.E - The modern short story – A critical survey:
London Michael Joseph- 1972 pp.13-18
4. Croft Beach T.O - The Modest Art London;
Oxford University Press 1968 pp 76-88
5.Hildick Wallace-Thirteen types of narratives London;
Macmillan 1968
6. ബൈബിൾ- പുതിയ നിയമം, ലൂക്കാ അദ്ധ്യായം 10 25:37 പുറം 77
7. ബൈബിൾ- പുതിയ നിയമം, ലൂക്കാ അദ്ധ്യായം 15 11:32 പുറം 84,85
8. രവികുമാർ കെ.എസ്. ഡോ., കഥയുടെ കഥ, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം 2008, പുറം11
9. Booth Wayne C - Distance and point of view;
An essay in classic fiction, Critical Approaches to Fiction(ed) Shiv.K.Kumar Keith M.C kean- NewYork;

M.C Graw, Hell Books Company-1968 pp315-362

10. Hanford S.A - Fables of Aesop (Tr) Penguin Books 1971

11. അച്യുതൻ. എം-ചെറുകഥ ഇന്നലെ ഇന്ന്.
ഡി.സി ബുക്സ് കോട്ടയം-2007,പുറം 32

12. Maguire Robert.A,Princeton-Dimitry chizhencusky about Gogols 'over coat' gogol from the twentieth century (ed-Tr)-
Princeton University press 1974 pp 295-322

13.Maupassant- selected short stories-Culcutta- Rupa and co-by arrangements with Penguin Books 1980

14.Maugham Somerset - The Short Story –Essay on Literature
London;William Heineman Limited- 1967 p-101

15.സുമംഗല(പുനരാഖ്യാനം)-പഞ്ചതന്ത്രം- First Edition-1997
ഡി.സി ബുക്സ് കോട്ടയം-2007

16. Boron Calvin S (ed)- The readers companion to world literature ,
Newyork. A mentor book 1959 p-329

17.Suresh Chandra Banerji- A Companion to Sanskrit Literature,Delhi,Motilal Banarsi das 1971 p-215

18. രവികുമാർ കെ.എസ്. ഡോ, കഥയുടെ കഥ,
ചിന്ത പബ്ലിക്കേഷൻസ്, തിരുവന്തപുരം-2007, പുറം47

19.കുഞ്ഞിക്കണ്ണൻ വാണിമേൽ-കഥയുടെ ആറാംകാലം,
കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,പുറം 5

20. ജോർജ്ജ് ഇരുമ്പയം- ഉപാസിക്കുന്നു ദു:ഖത്തെ ഞാൻ. കോട്ടയം
എസ്.പി.എസ് ,1981 പുറം 11-17

21.സാം.എൻ- ആദ്യത്തെ ചെറുകഥയുടെ ഈറ്റില്ലം-
മാതൃഭൂമി ആഴ്ച്ചപ്പതിപ്പ് ,പുസ്തകം 61 ലക്കം 6 (24-04-1983)

22.ഗംഗാധരൻ തിക്കുറിശ്ശി - (സമ്പാ)- കേരളവർമ്മ കഥകൾ- കോട്ടയം
എൻ.ബി.എസ് 1983

23. വിജയൻ ചമ്പാടൻ - ആദ്യത്തെ ചെറുകഥ-മലയാളനാട് വാരിക -
പുസ്തകം 10 ലക്കം20 (08-10-1978)

24.ജ്ഞാന നിക്ഷേപം- ലക്കം1 ആഗസ്റ്റ് 1849

25.പ്രിയദർശനൻ.ജി- മലയാള പത്രപ്രവർത്തനം- പ്രാരംഭസ്വരൂപം -
തൃശ്ശൂർ- കേരള സാഹിത്യ അക്കാദമി 1982- പുറം 45-47

26.ശങ്കരൻനമ്പ്യാർ. പി - മലയാളസാഹിത്യ ചരിത്രം - കോട്ടയം,
എസ്.പി.എസ് 1958 പുറം 192

27.പരമേശ്വരയ്യർ ഉള്ളൂർ എസ് - കേരളസാഹിത്യചരിത്രം വോള്യം-4
(1974) പുറം 557

28. മാധവൻ കോമലേഴത്തു കെ.ജി - കഥാപല്ലവങ്ങൾ -1971 പുറം 17,18

29.അച്യുതൻ. എം - ചെറുകഥ ഇന്നലെ ഇന്ന്,
ഡിസിബുക്സ് കോട്ടയം, 1978 പുറം 64

30. ഗ്രന്ഥ വിചാരം- ഭാഷാപോഷിണി-ഫെബ്രുവരി -മാർച്ച് 1992

31.ബഷീർ-നീല വെളിച്ചവും മറ്റ് പ്രധാനകഥകളും,
ഡി.സി ബുക്സ് കോട്ടയം-ജൂൺ 2003

32. പത്മനാഭൻ.ടി -ഗൗരി, ഡി.സി ബുക്സ് കോട്ടയം- ഫെബ്രുവരി 1997

33 മുഹമ്മദ് എൻ.പി - എന്റെ പ്രിയപ്പെട്ട കഥകൾ
ഡി.സി ബുക്സ് കോട്ടയം- ജൂലൈ 2009

34 ഖാദർ. യു.എ - യു.എ ഖാദർകഥകൾ, ചിന്ത പബ്ലിക്കേഷൻസ്
തിരുവനന്തപുരം- ഒക്ടോബർ 2008

35. വിജയൻ ഒ.വി - എന്റെ പ്രിയപ്പെട്ട കഥകൾ,
ഡി.സി ബുക്സ് കോട്ടയം- ഏപ്രിൽ 2003

36. സക്കറിയ- എന്റെ പ്രിയപ്പെട്ട കഥകൾ,
ഡി.സി ബുക്സ് കോട്ടയം- മാർച്ച് 2008
37. പത്മരാജൻ.പി - എന്റെ പ്രിയപ്പെട്ട കഥകൾ,
ഡി.സി ബുക്സ് കോട്ടയം- ഫെബ്രുവരി 2008
38. മാധവൻ. എൻ.എസ് - എന്റെ പ്രിയപ്പെട്ട കഥകൾ,
ഡി.സി ബുക്സ് കോട്ടയം- ജൂൺ 2008.